# പ്രായശ്ചിത്തങ്ങൾ

തയാറാക്കിയത് :

ഇ.പി.ഹംസ ജമാലി മണ്ണാർക്കാട്

## أحكام الكفارات

جمع وترتيب : حمزة الجمالي

المكتب التعاوني للدعوة والإرشاد وتوعية الجاليات بالمجمعة

المملكة العربية السعودية

islamhouse.com

1432 - 2011

# താളുകളിൽ


| | | |
|---|---|---|
| 1 | ആമുഖം | 4 |
| 2 | ശപഥം | 5 |
| 3 | ◉ പാലിക്കേണ്ടതും പാലിക്കേണ്ടാത്തതും | 7 |
| 4 | ◉ ശപഥം ബോധപൂർവ്വമായിരിക്കണം | 8 |
| 5 | ◉ അല്ലാഹുവിന്റെപേരിലുള്ള സത്യത്തിന്റെ ഗൗരവം | 9 |
| 6 | ◉അല്ലാഹുവല്ലാത്തവയുടെ പേരിൽ സത്യം ചെയ്യൽ | 9 |
| 7 | ◉എന്റെ പിതാവാണ് സത്യം | 10 |
| 8 | ◉മക്കത്തെപ്പള്ളിയാണ് സത്യം | 10 |
| 9 | ◉അമാനത്തുകൊണ്ട് സത്യം ചെയ്യൽ | 11 |
| 10 | ◉അല്ലാഹുവിന്റെദൃഷ്ടാന്തങ്ങൾകൊണ്ട് സത്യംചെയ്യൽ | 11 |
| 11 | ◉ഖുർആൻ കൊണ്ട് സത്യം ചെയ്യൽ | 11 |
| 12 | ◉സത്യലംഘനത്തിനുള്ള പ്രായശ്ചിത്വം | 12 |
| 13 | ◉ദൈവേതരരുടെപേരിൽ സത്യംചെയ്താലുള്ള പ്രായശ്ചിത്വം | 14 |
| 14 | നേർച്ച | 15 |
| 15 | ◉നേർച്ച ആരാധനയാകുന്നു | 15 |
| 16 | ◉നേർച്ച നിർവ്വഹിക്കൽ നിർബന്ധം | 15 |
| 17 | ◉നിബന്ധന വെച്ചുകൊണ്ടുള്ള നേർച്ചയുടെ വിധി | 16 |
| 18 | ◉തെറ്റായ നേർച്ചകൾ | 16 |
| 19 | ◉നിർവ്വഹിക്കാൻ കഴിയാത്ത നേർച്ച | 18 |
| 20 | ◉നേർച്ച നിർവ്വഹിക്കാതെ മരണപ്പെട്ടാൽ | 19 |
| 21 | ◉നേർച്ച നിർവ്വഹിക്കാത്തതിനുള്ള പ്രായശ്ചിത്വം | 19 |
| 22 | മനുഷ്യവധം | 20 |
| 23 | ◉മനഃപ്പൂർവ്വം വധിച്ചാൽ | 20 |
| 24 | ◉അബദ്ധവശാൽ സംഭവിക്കുന്ന വധം | 22 |
| 25 | ◉പ്രായശ്ചിത്വം | 23 |
| 26 | ളിഹാർ | 24 |
| 27 | ഈലാഅ് | 26 |
| 28 | റമദാനിന്റെ പകലിലെ സംഭോഗം | 28 |

| | | |
|---|---|---|
| 29 | ◉വയോവൃദ്ധരും നിത്യരോഗികളും | 29 |
| 30 | ഋതുമതികളുമായിയുള്ള സംയോഗം | 30 |
| 31 | ഇഹ്റാമിൽ പ്രവേശിച്ചവരുടെ | 32 |
| 32 | അവസാനമായി | 35 |

بسم الله الرحمن الرحيم

# ആമുഖം

സർവ്വലോക രക്ഷിതാവായ അല്ലാഹുവി ന്റെ തിരുനാമത്തിൽ. അന്ത്യപ്രവാചകൻ മുഹമ്മദ് ﷺ യിൽ അല്ലാഹു വിന്റെ കാരുണ്യവും രക്ഷയും സദാ വർഷിക്കുമാറാകട്ടെ!

മാന്യവായനക്കാരാ,''പ്രായശ്ചിത്തങ്ങൾ'' എന്ന പുസ്തകമാണ് നിങ്ങളുടെ കൈകളിൽ. വിശ്വാസികളിൽ സംഭവിക്കാവുന്ന പിഴവുകൾക്ക് പരിഹാരമായി അല്ലാഹു അവർക്ക് കനിഞ്ഞരുളിയ താണ് പ്രായശ്ചിത്തം. അതുമുഖേന അവന്റെ പിഴവുകൾ മായ്ച് ആത്മാവിനെ ശുദ്ധിയാക്കി സംസ്കരിച്ചെടുക്കുന്നു.

നന്മയും തിന്മയും ചെയ്യാനുള്ള സ്വാതന്ത്രപ്ര കൃതിയോടു കൂടിയാണല്ലോ മനുഷ്യന്റെ സൃഷ്ടിപ്പ്. അത്കൊണ്ട്തന്നെ പാപത്തിലേക്കു നീങ്ങിപ്പോകാ നുള്ള മനുഷ്യന്റെ സാധ്യതയും അതിനുള്ള പ്രതി വിധിയും പ്രവാചകൻ ﷺ വിശദീകരിച്ചതിങ്ങനെ യാണ്.

''മനുഷ്യരെല്ലാം തെറ്റു ചെയ്യാൻ സാധ്യത യുള്ളവരത്രെ. തെറ്റു ചെയ്യുന്നവരിൽ ഏറ്റവും ഉത്ത മൻ പശ്ചാതപിക്കുന്നവരാണ്. '' (അഹ്മദ് : 13390)

അല്ലാഹുവിന്റെ കൽപനകൾ അനുസരിക്കു കയും വിരോധിച്ച കാര്യങ്ങൾ വെടിയുകയും ചെയ്യുന്നേടത്തു വരുന്ന വീഴ്ചകളാണ് തെറ്റുകൾ. ഇത്തരം തെറ്റുകൾ അവന്റെ സൽകർമങ്ങളെ കൊ ണ്ട് അല്ലാഹുവിന്റെ കാരുണ്യത്താൽ അവന്നു പൊ റുത്തുകൊടുത്തേക്കാം. മഹാപാപങ്ങൾ പൊറുക്ക ണമെങ്കിൽ ആത്മാർത്ഥമായ പശ്ചാതാപം അനിവാ ര്യമാകുന്നു.

എന്നാൽ തെറ്റുകൾ മനുഷ്യരുമായി ബന്ധ പ്പെട്ടതാണെങ്കിൽ പശ്ചാതാപത്തോടൊപ്പം ബന്ധ പ്പെട്ട വ്യക്തികളോട് അക്കാര്യം തുറന്നു പറയുക യും മാപ്പപേക്ഷിക്കുകയും വേണം. സാമ്പത്തിക ഇടപാടാണെങ്കിൽ കൊടുത്തുതീർക്കുകയാണ് ചെ യ്യേണ്ടത്.

എല്ലാ പാപങ്ങളും ഒരുപോലെയല്ല. മറിച്ച് വൻപാപങ്ങളും ചെറുപാപങ്ങളുമുണ്ട്. വൻപാപങ്ങ ളിൽത്തന്നെ ആത്മാർത്ഥമായ പശ്ചാതാപംകൊണ്ട് മായ്ചുകളയുന്നതും പ്രായശ്ചിത്തം ചെയ്യേണ്ടവയു മുണ്ട്. അത്തരം പ്രായശ്ചിത്തങ്ങളാണ് നാം ഈ കൃതിയിൽ ചുരുക്കി വിവരിക്കുന്നത്.

പ്രായശ്ചിത്തങ്ങളിൽ ഏറ്റവും പ്രയാസകരമാ യത് അടിമയെ മോചിപ്പിക്കലും രണ്ടു മാസം തുടർ ച്ചയായി നോമ്പെടുക്കലുമാണ്. ഏറ്റവും ലഘുവാ യത് ആറു സാധുക്കൾക്ക് ഭക്ഷണം നൽകലും മൂന്നു ദിവസം നോമ്പെടുക്കലുമാണ്.

അല്ലാഹു നമ്മുടെ ചെറുതും വലുതുമായ പിഴവുകൾ നമുക്ക് പൊറുത്തുതരുമാറാകട്ടെ ആമീൻ .

ഇ.പി.ഹംസ ജമാലി
മണ്ണാർക്കാട്

# كفارة الأيمان

# ശപഥം

അല്ലാഹു പറയുന്നു :

وَاحْفَظُواْ أَيْمَانَكُمْ ( المائدة : ٨٩ )

''നിങ്ങളുടെ ശപഥങ്ങളെ നിങ്ങൾ സൂക്ഷിച്ച് കൊള്ളുക.'' (മാഇദ : 89)

അബൂഹുറൈറ ﵁ നിവേദനം റസൂൽ ﷺ പറയുന്നത് ഞാൻ കേട്ടിരിക്കുന്നു:

الْحَلِفُ مُنَفِّقَةٌ لِلسِّلْعَةِ مُمْحِقَةٌ لِلْبَرَكَةِ »

(صحيح البخارى : ٢٠٨٧ ومسلم : ٤٢٠٩)

കള്ളസത്യം (കച്ചവട) ചരക്കിനെ ചിലവാക്കു ന്നതും (സമ്പാദ്യത്തിന്റെ) ബർക്കത്ത് നഷ്ടപ്പെടു ത്തുന്നതുമാണ്. (ബുഖാരി : 2087 , മുസ്ലിം : 4209)

സൽമാൻ ﵁ നിവേദനം :

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു :

"ثَلاثَةٌ لا يَنْظُرُ اللَّهُ إِلَيْهِمْ يَوْمَ الْقِيَامَةِ: أُشَيْمِطٌ زَانٍ، وَعَائِلٌ مُسْتَكْبِرٌ، وَرَجُلٌ جَعَلَ اللَّهَ بِضَاعَةً، لا يَشْتَرِي إِلا بِيَمِينِهِ، وَلا يَبِيعُ إِلا بِيَمِينِهِ" .( رواه الطبراني : ٥٩٨٩ صحيح الجامع : ٣٠٧٢.)

മൂന്നുകൂട്ടരോട് അല്ലാഹു സംസാരിക്കുക യോ, അവരെ സംസ്കരിക്കുകയോ ഇല്ല. അവർക്ക് വേദനിക്കുന്ന ശിക്ഷയുണ്ട് വ്യഭിചാരിയായ വൃദ്ധൻ, അഹങ്കാരിയായ ദരിദ്രൻ, അല്ലാഹുവെ കൊണ്ട് സത്യം ചെയ്ത് ക്രയവിക്രയം നടത്തുന്ന വ്യാപാരി. (ത്വബ്റാനി : 5989)

ഇബ്നു മസ്ഊദ് ﵁ നിവേദനം : റസൂൽ ﷺ പറഞ്ഞു :

« خَيْرُ النَّاسِ قَرْنِى ، ثُمَّ الَّذِينَ يَلُونَهُمْ ، ثُمَّ الَّذِينَ يَلُونَهُمْ ، ثُمَّ يَجِىءُ أَقْوَامٌ تَسْبِقُ شَهَادَةُ أَحَدِهِمْ يَمِينَهُ ، وَيَمِينُهُ شَهَادَتَهُ » . قَالَ إِبْرَاهِيمُ وَكَانُوا يَضْرِبُونَنَا عَلَى الشَّهَادَةِ وَالْعَهْدِ (صحيح البخارى : ٢٦٥٢ومسلم : ٦٦٣٣)

എന്റെ സമൂഹത്തിലെ ഉത്തമർ എന്റെ തല മുറയാണ്. പിന്നീട് അവരെ തുടർന്ന് വരുന്നവർ, പിന്നീട് അവരെ തുടർന്ന് വരുന്നവർ. പിന്നെ ഒരു വിഭാഗം വരും. അവരിൽ ഒരാളുടെ ' ശഹാദത്ത്' (സാക്ഷ്യം) അവന്റെ സത്യത്തെ മുൻകടക്കും. അവന്റെ സത്യം സാക്ഷ്യത്തെ മുൻകടക്കും. ഇബ് റാഹീമുന്നഖഈ (റ) പറഞ്ഞു: അവർ (സലഫു കൾ) സാക്ഷ്യത്തിന്റേയും കരാറിന്റേയും വിഷയ ത്തിൽ ഞങ്ങൾ കുട്ടികളായിരിക്കെ ഞങ്ങളെ അടിക്കാറുണ്ടായിരുന്നു. (ബുഖാരി: 2652,മുസ്ലിം : 6633)

അല്ലാഹു പറയുന്നു:

لاَ يُؤَاخِذُكُمُ اللّهُ بِاللَّغْوِ فِي أَيْمَانِكُمْ ( المائدة : ٨٩ )

ബോധപൂർവ്വമല്ലാത്ത നിങ്ങളുടെ ശപഥങ്ങ ളുടെ പേരിൽ അവൻ നിങ്ങളെ പിടികൂടുകയില്ല. (മാഇദ : 89)

അല്ലാഹു പറയുന്നു:

وَلاَ تَنقُضُواْ الأَيْمَانَ بَعْدَ تَوْكِيدِهَا ( النحل : ٩١ )

നിങ്ങൾ ഉറപ്പിച്ചു സത്യം ചെയ്തശേഷം അത് ലംഘിക്കരുത്. (നഹ്ല് : 91)

തന്റെ വാദം സ്ഥിരീകരിക്കാൻ കഴിയാതെ വരുമ്പോഴും, ശ്രോതാവിനെ തൃപ്തിപ്പെടുത്തുന്ന തിനാവശ്യമായ തെളിവില്ലാതെ വരുമ്പോഴും താൻ പറയുന്ന കാര്യത്തിന്റെ പ്രബലതക്ക് വേണ്ടിയുമാ ണ് ചിലർ സത്യം ചെയ്യാറുള്ളത്.

ഇങ്ങനെ അല്ലാഹുവെകൊണ്ട് സത്യം ചെ യ്യുകയാണെങ്കിൽ അത് തൃപ്തിപ്പെടേണ്ടതാകുന്നു. നബി ﷺ പറഞ്ഞു :

مَنْ حَلَفَ بِاللَّهِ فَلْيَصْدُقْ وَمَنْ حُلِفَ لَهُ بِاللَّهِ فَلْيَرْضَ وَمَنْ لَمْ يَرْضَ بِاللَّهِ فَلَيْسَ مِنَ اللَّه ( سنن ابن ماجه ٢١٧٩ )

ആരെങ്കിലുംഅല്ലാഹുവിൽസത്യം ചെയ്യുന്നു വെങ്കിൽ അവൻ സത്യസന്ധത പുലർത്തട്ടെ. ഒരാ ളോട് അല്ലാഹുവിൽ സത്യം ചെയ്ത് ഒരു കാര്യം പറഞ്ഞാൽ അയാൾ അതിൽ തൃപ്തിപ്പെടട്ടെ. ആര് അത് തൃപ്തിപ്പെടുന്നില്ലയോ അവൻ അല്ലാഹുവിൽ (അല്ലാഹുവിന്റെ കക്ഷിയിൽ) പെട്ടവനല്ല. ( ഇബ്നു മാജഃ : 2179 )

വസ്തുനിഷ്ഠമായ കാര്യമാണെങ്കിൽ തന്നെ അനിവാര്യസാഹചര്യങ്ങളിലല്ലാതെ ശപഥം ചെയ്യു ന്നത് നന്നല്ല. എന്നാൽ സ്ഥാനത്തും അസ്ഥാനത്തും സത്യം ചെയ്യുന്നവരുണ്ട്.

അല്ലാഹു പറയുന്നു:

وَلاَ تُطِعْ كُلَّ حَلَّافٍ مَّهِينٍ (القلم : ١٠ )

അധികമായി സത്യം ചെയ്യുന്നവനും, നീച നുമായിട്ടുള്ള യാതൊരാളെയും നീ അനുസരിച്ചു പോകരുത് (ഖലം : 10)

അമിതമായി സത്യം ചെയ്യൽ കളവു പറയു ന്നവരുടെ ലക്ഷണമാകുന്നു. അധികമായി സത്യം ചെയ്യുന്നവരുടെ ഉദ്ദേശ്യം തങ്ങൾ പറയുന്ന കാര്യം ശ്രോതാവിനെകൊണ്ട് വിശ്വസിപ്പിക്കലായിരിക്കുമ ല്ലോ. തങ്ങളെപ്പറ്റി മറ്റുള്ളവർക്ക് വിശ്വാസമില്ലെന്ന് അവർക്കുതന്നെ തോന്നിയതു കൊണ്ടാണല്ലോ ഇങ്ങനെ ആണയിട്ടു പറയുന്നത്.

ഇത് രണ്ടുനിലക്ക് സംഭവിക്കാറുണ്ട്

ഒന്ന്: ഒരേ കാര്യത്തിൽതന്നെ പല തവണ സത്യം ചെയ്യൽ.

ഉദാഹരണത്തിന് അല്ലാഹുവാണ് സത്യം ഞാൻ ഇന്നയാളുടെ അടുക്കലേക്ക് പോകുകയില്ല. അല്ലാഹുവാണ് സത്യം ഞാൻ ഇന്നയാളുടെ അടുക്കലേക്ക്പോകുകയില്ല. എന്നിങ്ങനെ ആവർ ത്തിച്ച് പറയൽ

ഇത് ലംഘിക്കുന്ന പക്ഷം ഒരു പ്രായശ്ചി ത്തംനൽകിയാൽ മതിയെന്നാണ് ഭൂരിഭാഗംപണ്ഡി തരുടേയും അഭിപ്രായം.

രണ്ട് : അല്ലാഹുവാണ് സത്യം ഞാൻ ഭക്ഷണം കഴിക്കുകയില്ല, അല്ലാഹുവാണ് സത്യം ഞാൻ വെള്ളം കുടിക്കുകയില്ല. അല്ലാഹുവാണ് സത്യം ഞാൻ ഇരിക്കുകയില്ല. തുടങ്ങി വളരെ നിസ്സാരമായ കാര്യങ്ങൾക്ക് അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്യൽ.

ഇത്തരം കാര്യങ്ങൾ ലംഘിക്കുകയാണെ ങ്കിൽ അവയിലോരോന്നിനും പ്രായശ്ചിത്തം നൽകണമെന്നാണ് ഭൂരിഭാഗം പണ്ഡിതരുടേയും അഭിപ്രായം.

# പാലിക്കേണ്ടതും പാലിക്കേണ്ടാത്തതും

ശപഥങ്ങളിൽ പാലിക്കേണ്ടതും പാലിക്കേ ണ്ടാത്തതുമുണ്ട്. ഒരു കാര്യം ചെയ്തുകൊള്ളാം അല്ലെങ്കിൽ ചെയ്യുകയില്ല എന്നിങ്ങനെ ഒരാൾ സത്യം ചെയ്തു പറഞ്ഞുവെന്ന കാരണത്താൽ അതു നിറവേറ്റൽ അയാളുടെമേൽ കടമയായി ത്തീരുന്നില്ല.

സത്യം ചെയ്തതിന്റെ പേരിൽ ഒരു നന്മ അല്ലെങ്കിൽ ഒരു നിർബന്ധകാര്യം നഷ്ടപ്പെടരുത്. അത്തരം ഘട്ടത്തിൽ സത്യം ലംഘിക്കേണ്ടിവന്നേ ക്കും. എന്നാൽ അത് ഒരു നന്മക്കുവേണ്ടിയാ ണെങ്കിൽ പോലും പ്രായശ്ചിത്തത്തിൽനിന്ന് ഒഴിവാകുന്നതല്ല. അല്ലാഹു പറയുന്നു :

وَلا تَجْعَلُوا اللَّـهَ عُرْضَـةً لأَيْمَـانِكُمْ أَنْ تَبَـرُّوا وَتَتَّقُـوا وَتُصْلِحُوا بَـيْنَ النَّـاسِ وَاللَّـهُ سَمِيعٌ عَلِيمٌ (البقرة : ٢٢٤)

അല്ലാഹുവെ–അവന്റെപേരിൽ നിങ്ങൾ ശപഥം ചെയ്തുപോയിഎന്ന കാരണത്താൽ – നൻമചെയ്യു ന്നതിനോ ധർമ്മം പാലിക്കുന്നതിനോ ജനങ്ങൾ ക്കിടയിൽ രഞ്ജിപ്പുണ്ടാക്കുന്നതിനോ നിങ്ങൾ ഒരു തടസ്സമാക്കി വെക്കരുത്. അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു. (അൽബ ഖറഃ : 224)

## പാലിക്കൽ കടമയായിത്തീരുന്നവ

വ്യഭിചാരിക്കുകയില്ല, പുകവലിക്കുകയില്ല എന്നിങ്ങനെ പാപങ്ങൾ ചെയ്യുകയില്ല എന്ന് സത്യംചെയ്തുപറയൽ, അതല്ലെങ്കിൽ റമദാനിലെ നോമ്പെടുക്കും, അഞ്ചുനേരം നമസ്കരിക്കും, തുടങ്ങി നിർബന്ധമായ ഒരു കാര്യം പ്രവർത്തി ക്കുമെന്ന് സത്യം ചെയ്തുപറയൽ, ഇത്തരം ശപഥങ്ങൾ നിറവേറ്റൽ നിർബന്ധമാണ്. അവ ലംഘിക്കൽ അനുവദനീയമല്ല. ഇവ ലംഘിക്കുക യാണെങ്കിൽ പ്രായശ്ചിത്തം നൽകിയാൽ പോലും കുറ്റത്തിന്നാഴിവാകുന്നതല്ല.

## ലംഘിക്കൽ കടമയായിത്തീരുന്നവ

സത്യം ചെയ്തതിന്റെ പേരിൽ തനിക്കോ കുടുംബത്തിനോ സമൂഹത്തിനോ ദ്രോഹം ചെയ്യു ന്നവയാണവ. മക്കൾക്ക് ചിലവിന് കൊടുക്കുക യില്ല, മദ്യപിക്കും തുടങ്ങിയ കാര്യങ്ങളിൽ സത്യം ചെയ്യലാണത്. ഇത്തരം ശപഥങ്ങൾ ലംഘിക്കേ ണ്ടതും പ്രായശ്ചിത്തം നൽകേണ്ടതും നിർബന്ധ മാണ്. റസൂൽ ﷺ പറഞ്ഞു :

لاَ نَذْرَ وَلاَ يَمِينَ فِيمَا لاَ يَمْلِكُ ابْنُ آدَمَ وَلاَ فِي مَعْصِيَةِ اللَّهِ وَلا فِي قَطِيعَةِ رَحِمٍ وَمَنْ حَلَفَ عَلَى يَمِينٍ فَرَأَى غَيْرَهَا خَيْرًا مِنْهَا فَلْيَدَعْهَا وَلْيَأْتِ الَّذِي هُوَ خَيْرٌ فَإِنَّ تَرْكَهَا كَفَّارَتُهَا ( سنن أبي داود: ٢٨٤٩)

മനുഷ്യപരിധിക്കപ്പുറത്തുള്ള കാര്യത്തി ലും, അല്ലാഹുവിന്നെതിർപ്രവർത്തിക്കുന്നതിലും, കുടുംബബന്ധം മുറിക്കുന്ന വിഷയത്തിലും നേർച്ച യോ, ശപഥമോ ഇല്ല. ഒരാൾ ഒരു കാര്യത്തിൽ ശപഥം ചെയ്യുകയും (പിന്നീട്) അതിനേക്കാൾഉത്തമമായ ഒരു കാര്യം കാണുകയാണെങ്കിൽ(ശപഥംചെയ്ത)ആ കാര്യം ഒഴിവാക്കി കൂടുതൽ ഗുണകരമായത് പ്രവർത്തിക്കട്ടെ. മുമ്പ് ശപഥം ചെയ്ത കാര്യം ഒഴിവാക്കലാകുന്നു അതിനുള്ള പ്രായശ്ചിത്തം. (അബൂദാവൂദ് : 2849)

### പാലിക്കലും പാലിക്കാതിരിക്കലും അനുവദനീയമായവ

ചെയ്യൽ അനുവദനീയമായ ഒരു കാര്യം സത്യം ചെയ്തു പറയലാണിത്. ഉദാഹരണത്തിന് ഞാൻ ഈ പഴം തിന്നുകയില്ല. അല്ലെങ്കിൽ ഈ പാ ത്രത്തിലെ വെള്ളം കുടിക്കും തുടങ്ങിയവ.ഇത്തരം ശപഥങ്ങൾ പാലിക്കലും പാലിക്കാതിരിക്കലും അനുവദനീയമാണ്. പക്ഷെ സത്യലംഘനത്തിന് പ്രായശ്ചിത്തം നൽകണമെന്ന് മാത്രം.

## ശപഥം ബോധപൂർവ്വമായിരിക്കണം

ബോധപൂർവ്വം മനസ്സറിഞ്ഞുകൊണ്ട് പ്രവർ ത്തിച്ചതാണെങ്കിൽ മാത്രമെ പ്രായശ്ചിത്തം നിർബ സ്ധമാകുകയുള്ളൂ.

അല്ലാഹു പറയുന്നു:

لاَ يُؤَاخِذُكُمُ اللّهُ بِاللَّغْوِ فِي أَيْمَانِكُمْ وَلَـكِن يُؤَاخِذُكُم بِمَا عَقَّدتُّمُ الأَيْمَانَ (المائدة : ٨٩ )

ബോധപൂർവ്വമല്ലാത്ത നിങ്ങളുടെ ശപഥങ്ങ ളുടെ പേരിൽ (അല്ലാഹു) നിങ്ങളെ പിടികൂടുക യില്ല. എന്നാൽ നിങ്ങൾ ഉറപ്പിച്ചു ചെയ്ത ശപഥ ങ്ങളുടെ പേരിൽ അവൻ നിങ്ങളെ പിടികൂടുന്ന താണ്. (മാഇദ : 89)

അല്ലാഹു പറയുന്നു:

لا يُؤَاخِذُكُمْ اللَّـهُ بِـاللَّغْوِ فِـي أَيْمَـانِكُمْ وَلَكِنْ يُؤَاخِذُكُمْ بِمَـا كَسَبَتْ قُلُـوبُكُمْ وَاللَّـهُ غَفُـورٌ حَلِيمٌ ( البقرة : ٢٢٥)

(ബോധപൂർവ്വമല്ലാതെ) വെറുതെ പറഞ്ഞു പോകുന്ന ശപഥവാക്കുകൾ മൂലം അല്ലാഹു നിങ്ങളെ പിടികൂടുന്നതല്ല. പക്ഷെ, നിങ്ങൾ മനസ്സറിഞ്ഞ് പ്രവർത്തിച്ചതിന്റെ പേരിൽ അല്ലാഹു നിങ്ങളെ പിടികൂടുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്ന വനും സഹനശീലനുമാകുന്നു. (അൽബഖറഃ : 225)

# അല്ലാഹുവിന്റെ പേരിലുള്ള സത്യത്തിന്റെ ഗൗരവം

ജുൻദുബു ബ്നു അബ്ദില്ല ﷺ നിവേദനം : റസൂൽ ﷺ പറഞ്ഞു :

« أَنَّ رَجُلاً قَالَ وَاللَّهِ لاَ يَغْفِرُ اللَّهُ لِفُلاَنٍ وَإِنَّ اللَّهَ تَعَالَى قَالَ مَنْ ذَا الَّذِى يَتَأَلَّى عَلَىَّ أَنْ لاَ أَغْفِرَ لِفُلاَنٍ فَإِنِّى قَدْ غَفَرْتُ لِفُلاَنٍ وَأَحْبَطْتُ عَمَلَكَ ».( صحيح مسلم : ٦٨٤٧)

അല്ലാഹുവാണ് (സത്യം) ഇന്നവന് അല്ലാഹു പൊറുത്തു കൊടുക്കുകയില്ലഎന്ന് ഒരാൾ പറഞ്ഞു. അപ്പോൾ അല്ലാഹു പറഞ്ഞു: ഇന്നയാൾക്ക് ഞാൻ പൊറുത്തു കൊടുക്കുകയില്ല എന്ന് എന്നെപ്പറ്റി സത്യം ചെയ്യുന്നവനാരാണ്? നിശ്ചയം ഞാനവന് പൊറുത്തു കൊടുത്തിരിക്കുന്നു. നിന്റെ സൽകർ മങ്ങൾ ഞാൻ നിഷ്ഫലമാക്കുകയും ചെയ്തിരി ക്കുന്നു. (മുസ്ലിം:6847)

ഒരാൾ എത്രവലിയ പാപിയായാലും അയാൾ നരകത്തിലാണെന്നോ, നല്ലൊരു വ്യക്തിയെക്കു റിച്ച് അയാൾ സ്വർഗത്തിലാണെന്നോ പറയാനുള്ള അധികാരം സൃഷ്ടികൾക്കില്ല. അത് അല്ലാഹു വാണ് തീരുമാനിക്കുക. പ്രത്യേകിച്ച് അല്ലാഹു വിന്റെ പേരിൽ സത്യം ചെയ്തു പറയാൻ ഒരാൾ ക്കും പാടുള്ളതുമല്ല.

# അല്ലാഹുവല്ലാത്തവയുടെ പേരിൽ സത്യം ചെയ്യൽ.

സത്യം ചെയ്യുന്നത് വളരെ ശ്രദ്ധിക്കേണ്ട കാര്യമാണ്. ഒരുവിധം കഴിയുമെങ്കിൽ സത്യം ചെയ്യുന്നത് ഒഴിവാക്കണം. സത്യം ചെയ്യൽ ഒരു കളിതമാശയല്ല. തൽക്കാലം രക്ഷപ്പെടാൻ ഒരു സൂത്രവാക്യവുമല്ല. പടപ്പുകളുടെ പേരിൽ സത്യം ചെയ്താൽ അവിശ്വാസിയായിപ്പോകും. അപ്പോൾ മറ്റു ആവശ്യമെങ്കിൽ അല്ലാഹുവിന്റെ പേരിൽ മാത്രം സത്യം ചെയ്യാനാണ് നബി ﷺ നിർദേശി ക്കുന്നത്. അബ്ദുല്ലാഹിബ്നു ഉമർ ﷺ നിവേദനം : നബി ﷺ പറഞ്ഞു :

مَنْ كَانَ حَالِفًا فَلْيَحْلِفْ بِاللَّهِ أَوْ لِيَصْمُتْ (صحيح البخاري: ٢٤٨٢)

ആരെങ്കിലും സത്യം ചെയ്യുന്നുവെങ്കിൽ അവൻ അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്യട്ടെ. അല്ലെങ്കിൽ മൗനം പാലിക്കട്ടെ. (ബുഖാരി : 2482)

അല്ലാഹുവല്ലാത്തവരുടെപേരിൽ സത്യം ചെയ്യുന്നവൻ സത്യം ചെയ്യപ്പെടുന്നവർക്ക് അല്ലാഹു വിന് തുല്യമായ സ്ഥാനമാണ് നൽകുന്നതെങ്കിൽ അവൻ കടുത്ത ബഹുദൈവ വിശ്വാസിയാകുന്നു.

വ്യസനകരമെന്ന് പറയട്ടെ സമൂഹത്തിൽ ഇന്ന് അല്ലാഹുവിന്റെമേൽ സത്യം ചെയ്യുന്നതിനേ ക്കാൾ അല്ലാഹുവല്ലാത്തവരുടെ പേരിൽ സത്യം ചെയ്യാനാണ് ഭൂരിഭാഗത്തിന്റെ താൽപര്യം. പലരും സത്യം ചെയ്യാൻ മഹാന്മാരുടെ ജാറങ്ങളാണ് തിര ഞ്ഞെടുക്കാറുള്ളത്.അല്ലാഹുവിന്റെ പേരിൽ പതി നായിരം വട്ടം സത്യം ചെയ്യാൻ മടിയില്ലാത്ത ഇക്കൂ ട്ടർക്ക് ദർഗ്ഗകളിലേയും ജാറങ്ങളിലേയും മൺമറ ഞ്ഞവരോട് അല്ലാഹുവേക്കാൾ ഭക്തിയും ഭവ്യത യും കാണാം.

തല തിരിഞ്ഞ ആത്മീയത. ആൾദൈവങ്ങളും ദർഗ്ഗകളും ശവകുടീരങ്ങളും നടത്തുന്ന കച്ചവടം പരലോകത്ത് നഷ്ടത്തിലെത്തിക്കും.

# എന്റെ പിതാവാണ് സത്യം

'എന്റെ ഉപ്പയാണ് സത്യം, മക്കളാണ് സത്യം, ഉമ്മാന്റെ കാലാണ് സത്യം, ചിലർ ഇന്ന് മക്കളുടേയും മാതാവിന്റെയുമൊക്കെ പേരുകളിൽ സത്യം ചെയ്യു ന്നതുപോലെ നബി ﷺ യുടെ കാലത്ത് തങ്ങളുടെ പിതാക്കളുടെപേരിൽ സത്യം ചെയ്യാറുണ്ടായിരുന്നു. ഒരിക്കൽ ഉമർ ؓ തന്റെ പിതാവിന്റെ പേരിൽ സത്യം ചെയ്യുകയുണ്ടായി. ഉടനെ നബി ﷺ ഇപ്രകാരം പറ യുകയുണ്ടായി :

أَلا إِنَّ اللَّهَ يَنْهَاكُمْ أَنْ تَحْلِفُوا بِآبَائِكُمْ مَنْ كَانَ حَالِفًا فَلْيَحْلِفْ بِاللَّهِ (صحيح البخاري - ٦١٥٥)

അറിയുക നിശ്ചയം നിങ്ങൾ നിങ്ങളുടെ പിതാക്കളുടെപേരിൽ സത്യം ചെയ്യുന്നത് അല്ലാഹു വിലക്കിയിരിക്കുന്നു. ആരെങ്കിലും സത്യംചെയ്യുന്നു വെങ്കിൽ അവൻ അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്യട്ടെ. ( ബുഖാരി : 6155)

# മക്കത്തെപ്പള്ളിയാണ് സത്യം

മുത്തുനബിയാണ് സത്യം, മക്കത്തെപ്പള്ളി യാണ് സത്യം, ബദ്‌രീങ്ങളാണ് സത്യം, മമ്പുറം തങ്ങളാണ് സത്യം, തയ്യോട്ടര ഉപ്പൂപ്പയാണ് സത്യം, കോളപ്പാകം പള്ളിയാണ് സത്യം തുടങ്ങി പള്ളികളുടേയും, ജാറങ്ങളുടേയും, പ്രത്യേക സ്ഥലങ്ങളു ടേയുമെല്ലാം പേരുകളിൽ സത്യം ചെയ്യുന്നവരുണ്ട്.

ഇബ്നുഉമർ ؓ ഒരാൾ കഅ്ബയെ കൊണ്ട് സത്യം ചെയ്യുന്നത് കേൾക്കുകയുണ്ടായി. ഉടനെ അദ്ദേഹം പറഞ്ഞു : അല്ലാഹുവല്ലാത്തവരെകൊണ്ട് സത്യം ചെയ്യരുത്. റസൂൽ ﷺ ഇപ്രകാരം പറയുന്ന തായി ഞാൻ കേട്ടിരിക്കുന്നു :

مَنْ حَلَفَ بِغَيْرِ اللَّهِ فَقَدْ أَشْرَكَ ( سنن أبي داود : ٢٨٢٩ )

ആരെങ്കിലും അല്ലാഹുവല്ലാത്തവരെകൊണ്ട് സത്യം ചെയ്താൽ അവൻ അല്ലാഹുവിൽ പങ്കു ചേർക്കുന്നവനായിരിക്കുന്നു. (അബൂദാവൂദ് : 2829)

# അമാനത്തുകൊണ്ട് സത്യം ചെയ്യൽ

ബുറൈദ ﷺ നിവേദനം : റസൂൽ ﷺ പറഞ്ഞു :

مَنْ حَلَفَ بِالأَمَانَةِ فَلَيْسَ مِنَّا ( صحيح سنن أبي داود : ٣٢٥٢)

ആരെങ്കിലും അമാനത്തുകൊണ്ട് സത്യം ചെയ്താൽ അവൻ നമ്മിൽപ്പെട്ടവനല്ല. (സ്വഹീഹു അബീദാവൂദ് : 3252)

عَن بُرَيْدَةَ قَالَ قَالَ رَسُولُ اللَّهِ ﷺ مَنْ حَلَفَ فَقَالَ إِنِّي بَرِيءٌ مِنْ الإِسْلَامِ فَإِنْ كَانَ كَاذِبًا فَهُوَ كَمَا قَالَ وَإِنْ كَانَ صَادِقًا فَلَنْ يَرْجِعَ إِلَى الإِسْلَامِ سَالِمًا (سنن أبي داود : ٢٨٣٦ )

ബുറൈദ ﷺ നിവേദനം: റസൂൽ ﷺ പറഞ്ഞു: ഒരാൾ ഒരുകാര്യത്തിൽ സത്യംചെയ്തു കൊണ്ട്(അത് ശരിയല്ലെങ്കിൽ) ഞാൻ ഇസ്ലാമിൽ നിന്ന് ഒഴിവാകുന്നുവെന്ന് പറഞ്ഞാൽ അയാൾ കളവാണ് പറഞ്ഞതെങ്കിൽ അയാൾ പറഞ്ഞതു പോലെയാ യിരിക്കും (അയാൾ ഇസ്ലാമിൽനിന്ന് ഒഴിവാകും.) അതല്ല അയാൾ സത്യമാണ് പറഞ്ഞതെങ്കിൽ സുര ക്ഷിതനായി അയാൾ ഇസ്ലാമിലേക്ക് മടങ്ങുകയി ല്ല. (അയാളുടെ വിശ്വാസത്തിൽ ന്യൂനതയുണ്ടായി രിക്കുന്നതാണ്). (സ്വഹീഹു അബീദാവൂദ് : 2793 )

# അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ കൊണ്ട് സത്യംചെയ്യൽ

വിശുദ്ധ ഖുർആനിൽ സൂര്യൻ, ചന്ദ്രൻ, രാത്രി, പകൽ പോലുള്ള അല്ലാഹുവിന്റെ ദൃഷ്ടാ ന്തങ്ങൾകൊണ്ട് സത്യം ചെയ്യുന്നതായി ധാരാളം വചനങ്ങൾ കാണാം. എന്നാൽ സൃഷ്ടികളായ നമു ക്ക് അവകൊണ്ട് സത്യംചെയ്യൽ അനുവദനീയമല്ല. കാരണം അവയെല്ലാം സൃഷ്ടികളാകുന്നു. സൃഷ്ടി കളെകൊണ്ട് സത്യം ചെയ്യൽ നിഷിദ്ധമാകുന്നു.

# ഖുർആൻ കൊണ്ട് സത്യം ചെയ്യൽ

അല്ലാഹുവിന്റെ വിശേഷണങ്ങളെകൊണ്ട് സത്യം ചെയ്യുന്നതിൽ തെറ്റില്ല. കാരണം വിശേഷ ണം സൃഷ്ടിയല്ല. ഉദാഹരണത്തിന് വിശുദ്ധ ഖുർആ ൻ അല്ലാഹുവിന്റെ വചനമാണ്. (كلام الله) അത് അവ ന്റെ സൃഷ്ടിയല്ല. അത് അവനിൽ നിന്നിറക്കപ്പെട്ടതാ കുന്നുവെന്നതാണ്. അതിനാൽ ഖുർആൻ കൊണ്ട് സത്യം ചെയ്യാം. ശൈഖുൽ ഇസ്ലാം സൂചിപ്പിച്ച ത്പോലെ ഖുർആൻ അല്ലാഹുവിന്റെ വചനമാണ് എന്നാണ് അഹ്ലുസ്സുന്നത്തി വൽ ജമാഅത്തിന്റെ വിശ്വാസം.

താബിഇയായ അംറുബ്നു ദീനാർ (റ) പറ യുകയുണ്ടായി:

''അല്ലാഹു സൃഷ്ടാവും അവനല്ലാത്ത ഖുർ ആനൊഴിച്ച് ബാക്കിയുള്ള എല്ലാം സൃഷ്ടിയുമാ ണെന്ന് എഴുപത് വർഷമായി ജനങ്ങൾ പറയുന്ന തായി ഞാൻ കേട്ടുവരുന്നു. ഖുർആൻ സൃഷ്ടി യല്ല അത് അല്ലാഹുവിന്റെ വചനങ്ങളാകുന്നു. അത് അവനിൽനിന്നു തുടങ്ങി അവനിലേക്കു തന്നെ മട ങ്ങുകയും ചെയ്യും.''

(മജ്മൂഉ ഫതാവാ ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ (റ) 1/248 )

# സത്യലംഘനത്തിനുള്ള പ്രായശ്ചിത്വം

അല്ലാഹു പറയുന്നു :

وَلَـكِن يُؤَاخِذُكُم بِمَا عَقَّدتُّمُ الأَيْمَانَ فَكَفَّارَتُهُ إِطْعَامُ عَشَرَةِ مَسَاكِينَ مِنْ أَوْسَطِ مَا تُطْعِمُونَ أَهْلِيكُمْ أَوْ كِسْوَتُهُمْ أَوْ تَحْرِيرُ رَقَبَةٍ فَمَن لَّمْ يَجِدْ فَصِيَامُ ثَلاَثَةِ أَيَّامٍ ذَلِكَ كَفَّارَةُ أَيْمَانِكُمْ إِذَا حَلَفْتُمْ وَاحْفَظُواْ أَيْمَانَكُمْ كَذَلِكَ يُبَيِّنُ اللّهُ لَكُمْ آيَاتِهِ لَعَلَّكُمْ تَشْكُرُونَ ( المائدة : ٨٩ )

എന്നാൽ നിങ്ങൾ ഉറപ്പിച്ചു ചെയ്ത ശപഥ ങ്ങളുടെ പേരിൽ അവൻ നിങ്ങളെ പിടികൂടുന്ന താണ്. അപ്പോൾ അതിന്റെ (അത് ലംഘിക്കുന്ന തിന്റെ) പ്രായശ്ചിത്തം നിങ്ങൾ നിങ്ങളുടെ വീട്ടു കാർക്ക് നൽകാറുള്ള മദ്ധ്യനിലയിലുള്ള ഭക്ഷണ ത്തിൽനിന്ന് പത്തു സാധുക്കൾക്ക് ഭക്ഷിക്കാൻ കൊടുക്കുകയോ, അല്ലെങ്കിൽ അവർക്ക് വസ്ത്രം നൽകുകയോ, അല്ലെങ്കിൽ ഒരു അടിമയെ മോചി പ്പിക്കുകയോ ആകുന്നു. ഇനി വല്ലവന്നും (അതൊ ന്നും) കിട്ടിയില്ലെങ്കിൽ മൂന്നു ദിവസം നോമ്പെടു ക്കുകയാണ് വേണ്ടത്. നിങ്ങൾ സത്യം ചെയ്തു പറ ഞ്ഞാൽ, നിങ്ങളുടെ ശപഥങ്ങൾ ലംഘിക്കുന്നതി നുള്ള പ്രായശ്ചിത്തമാകുന്നു അത്. നിങ്ങളുടെ ശപഥങ്ങളെ നിങ്ങൾ സൂക്ഷിച്ച് കൊള്ളുക. അപ്ര കാരം അല്ലാഹു അവന്റെ വചനങ്ങൾ നിങ്ങൾക്ക് വിവരിച്ചുതരുന്നു; നിങ്ങൾ നന്ദിയുള്ളവരായിരി ക്കാൻ വേണ്ടി. (മാഇദ : 89)

സത്യം ചെയ്ത കാര്യംനിറവേറ്റൽ നിർബ ന്ധമാണ്ലംഘിക്കാൻ പാടില്ല. എന്നാൽ ചിലപ്പോൾ സത്യം ലംഘിക്കേണ്ടിവരും. അങ്ങിനെ വന്നാൽ അതിന് പ്രായശ്ചിത്തം നൽകേണ്ടതാകുന്നു. താഴെ കൊടുത്ത മൂന്ന് പ്രായശ്ചിത്തങ്ങളിലൊന്ന് നിർവ്വഹി ക്കാനാണ് അല്ലാഹുവിന്റെ കൽപന.

1) പത്തു സാധുക്കൾക്ക് ഭക്ഷണം കൊടുക്കുക. നമ്മുടെ വീട്ടുകാർക്ക് നൽകാറുള്ള മദ്ധ്യ നിലയിലുള്ള ഭക്ഷണമാണ് നൽകേണ്ടത്.

2) പത്തു സാധുക്കൾക്ക് ഇടത്തരത്തിലുള്ള വസ്ത്രം (മുണ്ടും,ഷർട്ടും) നൽകുക.

3) ഒരു അടിമയെ മോചിപ്പിക്കുക.

മേൽപറഞ്ഞതൊന്നും നൽകാൻ കഴിയാതെ വരുമ്പോൾ മാത്രം മൂന്നു ദിവസം നോമ്പെടു ത്താൽ മതിയാകും.

മേൽ പറഞ്ഞ മൂന്ന് കാര്യങ്ങളിൽ മാത്രമാണ് ഇഷ്ടാനുസരണം തിരഞ്ഞെടുക്കാൻ അനുമതി യുള്ളൂ. അവ നിർവഹിക്കാൻ സാധ്യക്കാത്ത ഘട്ട ത്തിലാണ് നോമ്പെടുക്കേണ്ടത്.

നോമ്പെടുക്കുമ്പോൾ തന്നെ മൂന്നു ദിവസം തുടർച്ചയായി എടുക്കേണ്ടതുമാകുന്നു. എന്നാൽ രോഗം,യാത്ര,ആർത്തവം , പ്രസവം, പെരുന്നാൾ, മറവി പോലെ മതപരമായ ഏതെങ്കിലും കാരണ ങ്ങൾ കൊണ്ട് നോമ്പിന്റെ തുടർച്ച നഷ്ടപ്പെടുക യാണെങ്കിൽ അയാൾ തുടക്കം മുതൽ മൂന്ന് നോമ്പെടുക്കേണ്ടതില്ല. മറിച്ച് ബാക്കിയുള്ളത് നോറ്റു വീട്ടിയാൽ മതിയാകുന്നതാണ്. മറിച്ച് മതപ രമായ കാരണങ്ങളൊന്നുമില്ലാതെയാണ് തുടർച്ച നഷ്ടപ്പെടുത്തിയതെങ്കിൽ മുമ്പെടുത്ത നോമ്പു കൂ ടാതെ വേറെ മൂന്ന് നോമ്പെടുക്കേണ്ടതുമാകുന്നു.

അപ്രകാരം പ്രായശ്ചിത്വം വിവരിച്ചയുടനെ

ذَلِكَ كَفَّارَةُ أَيْمَانِكُمْ إِذَا حَلَفْتُمْ وَاحْفَظُوا أَيْمَانَكُمْ ‘‘

‘‘നിങ്ങളുടെ ശപഥങ്ങൾ ലംഘിക്കുന്നതിനുള്ള പ്രായശ്ചിത്തമാകുന്നു അത്. നിങ്ങളുടെ ശപഥ ങ്ങളെ നിങ്ങൾ സൂക്ഷിച്ച് കൊള്ളുക. ’’

എന്ന വചനം ഭക്ഷണത്തിനും വസ്ത്രത്തിനും പകരം അതിന്റെ വില നൽകിയാൽ മതിയാവുക യില്ല എന്ന് അറിയിക്കുന്നു.

# ദൈവേതരരുടെ പേരിൽ സത്യം ചെയ്താലുള്ള പ്രായശ്ചിത്വം

അബൂഹുറൈറ ﷺ നിവേദനം : റസൂൽ ﷺ പറഞ്ഞു :

مَنْ حَلَفَ فَقَالَ فِي حَلْفِهِ وَاللاتِ فَلْيَقُلْ " لاَ إِلَهَ إِلاَّ اللَّهُ " وَمَنْ قَالَ لِصَاحِبِهِ تَعَالَ أُقَامِرْكَ فَلْيَتَصَدَّقْ بِشَيْءٍ ( سنن أبي داود ٢٨٢٦)

ആരെങ്കിലും സത്യം ചെയ്യുമ്പോൾ ലാത്ത്[1] യാണ് സത്യം എന്ന് സത്യം ചെയ്യുകയാണെങ്കിൽ അവൻ لا إِلَهَ إلا اللَّه (ലാഇലാഹ ഇല്ലല്ലാ) (അല്ലാഹു വല്ലാതെ ആരാധ നക്കർഹനായി മറ്റാരുമില്ല) എന്ന് പറയട്ടെ. ആരെങ്കിലും തന്റെ കൂട്ടുകാരനോട് വരൂ നമുക്ക് ചൂത് കളിക്കാമെന്ന് പറഞ്ഞാൽ അവൻ വല്ലതും ധർമ്മം ചെയ്യട്ടെ. (അബൂദാവൂദ് : 2826)

റസൂൽ ﷺ പറഞ്ഞു : لاَ نَذْرَ وَلاَ يَمِينَ فِيمَا لاَ يَمْلِكُ ابْنُ آدَمَ وَلاَ فِي مَعْصِيَةِ اللَّهِ وَلا فِي قَطِيعَةِ رَحِمٍ وَمَنْ حَلَفَ عَلَى يَمِينٍ فَرَأَى غَيْرَهَا خَيْرًا مِنْهَا فَلْيَدَعْهَا وَلْيَأْتِ الَّذِي هُوَ خَيْرٌ فَإِنَّ تَرْكَهَا كَفَّارَتُهَا ( سنن أبي داود : ٢٨٤٩ )

ആദമിന്റെ മക്കൾ ഉടമപ്പെടുത്തിയിട്ടില്ലാത്ത തിലും, അല്ലാഹുവിനെ ധിക്കരിക്കുന്നതിലും, കുടും ബ ബന്ധം മുറിക്കുന്നതിലുമെല്ലാം നേർച്ചയാക്കി യതും, സത്യംചെയ്തതുമായവ നിർവ്വഹിക്കൽ നിർ ബന്ധമാകുന്നില്ല. ഒരാൾ ഒരു കാര്യത്തിൽ ശപഥം ചെയ്തു പറഞ്ഞു. (പിന്നീട്) അതിനേക്കാൾഉത്തമമായ ഒരു കാര്യം കാണുകയാണെങ്കിൽ (ശപഥം ചെയ്ത) ആ കാര്യം ഒഴിവാക്കി അതിനേക്കാ ൾ ഉത്തമമായത് പ്രവർത്തിക്കട്ടെ. കാരണം (ശപഥം ചെയ്ത) കാര്യം ഒഴിവാക്കൽ അതിനുള്ള പ്രായശ്ചി ത്തമാകുന്നു. ( അബൂദാവൂദ് : 2849 )

[1] മുശ്രിക്കുകളുടെ ഒരു ആരാധ്യവസ്തു.

# كفارة النذر

# നേർച്ച

ഐച്ഛികമായ ഒരു കർമ്മം നിർബന്ധ മായും താൻ പ്രവർത്തിക്കുമെന്ന് ബുദ്ധിയും വിവേ കവുമുള്ള ഒരു മുസ്ലിം അല്ലാഹുവിന് വേണ്ടി സ്വയം പ്രഖ്യാപിക്കുന്നതിനാണ് മതത്തിൽനേർച്ച എന്ന് പറയുന്നത്.

## നേർച്ച ആരാധനയാകുന്നു.

മറ്റു ആരാധനകളെപ്പോലെത്തന്നെ നേർച്ച യും ഒരു ആരാധനയാകുന്നു. അതിനാൽ മുഴുവൻ നേർച്ചകളും അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി മാത്രമേ അർപ്പിക്കാവൂ. അല്ലാഹുവല്ലാത്ത മറ്റുവല്ല വരുടേയും പ്രീതിക്കായി നേരുകയാണെങ്കിൽ അതവർക്കുള്ള ഇബാദത്തും അല്ലാഹുവിൽ പങ്കു ചേർക്കലുമാകും. മതത്തിൽഅറിയപ്പെട്ട സുന്നത്തു നോമ്പ്, നമസ്കാരം, നിർബന്ധമല്ലാത്ത ദാനം, ഭക്ഷ ണം നൽകൽ തുടങ്ങി പുണ്യകരമായ കാര്യങ്ങൾമാത്രമേനേർച്ചയാക്കാൻ പാടുള്ളൂ. ഹറദായ കാര്യ ത്തിൽ നേർച്ച പാടില്ല.

## നേർച്ച നിർവ്വഹിക്കൽ നിർബന്ധം

മേൽസൂചിപ്പിച്ചതുപോലെപണ്യകരമായവ നേർച്ചയാക്കിയാൽ അത് നിർവ്വഹിക്കൽ നിർബ ന്ധമാണ്. ഉദാഹരണത്തിന് നാല് സാധുക്കൾക്ക് ഭക്ഷണം കൊടുക്കുമെന്നോ അടുത്ത തിങ്കളാഴ്ച ഞാൻ നോമ്പെടുക്കുമെന്നോ ഒരാൾ നേർച്ചയാ ക്കിയാൽ അത് നിർവ്വഹിക്കൽ നിർബന്ധമാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ ദുഹ്റിന് ശേഷ മുള്ള സുന്നത്ത് നമസ്കാരം ഒരു മാസക്കാലം ചെയ്യുമെന്ന് നേർച്ചയാക്കിയാൽ ദുഹ്റ് പോലെ ആ നമസ്കാരവും അയാൾക്ക് നിർബന്ധമായി.

അല്ലാഹു പറയുന്നു :

يُوفُونَ بِالنَّذْرِ وَيَخَافُونَ يَوْمًا كَانَ شَرُّهُ مُسْتَطِيرًا ( الإنسان : ٧)

'' നേർച്ച അവർ നിറവേറ്റുകയും ആപത്തു പടർന്ന് പിടിക്കുന്ന ഒരു ദിവസത്തെ അവർ ഭയപ്പെ ടുകയും ചെയ്യും. (ഇൻസാൻ : 7)

മറ്റൊരായത്തിൽ

وَمَا أَنفَقْتُم مِّن نَّفَقَةٍ أَوْ نَذَرْتُم مِّن نَّذْرٍ فَإِنَّ اللَّهَ يَعْلَمُهُ وَمَا لِلظَّالِمِينَ مِنْ أَنصَارٍ ( البقرة : ٢٧٠)

''നിങ്ങളെന്തൊന്ന്ചെലവഴിച്ചാലും ഏതൊന്ന് നേർച്ച നേർന്നാലും തീർച്ചയായും അല്ലാഹു അത റിയുന്നതാണ്. അക്രമകാരികൾക്ക് സഹായികളായി ആരും തന്നെ ഉണ്ടായിരിക്കുന്നതല്ല. (അൽ ബഖറ: 270)

ആയിശ(റ)നിവേദനം: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു :

« مَنْ نَذَرَ أَنْ يُطِيعَ اللَّهَ فَلْيُطِعْهُ ( صحيح البخارى : ٦٦٩٦)

ആരെങ്കിലും അല്ലാഹുവിനെ അനുസരിക്കു വാൻ നേർച്ചയാക്കിയാൽഅവൻഅല്ലാഹുവിനെ അനുസരിച്ചുകൊള്ളട്ടെ. ( ബുഖാരി : 6696 )

# നിബന്ധനവെച്ചുകൊള്ള നേർച്ചയുടെ വിധി

എന്റെ രോഗം മാറിയാൽ ഞാൻ പത്തു സാധുക്കൾക്ക് ഭക്ഷണം നൽകികൊള്ളാം,എന്റെ നഷ്ടപ്പെട്ട വസ്തു തിരിച്ചു കിട്ടിയാൽ ഒരു അനാഥ കുട്ടിക്ക് വസ്ത്രം നൽകികൊള്ളാം. എന്നിങ്ങനെ എന്തെങ്കിലും നിബന്ധനകൾ (ശർത്വുകൾ) വെച്ചു കൊണ്ടുള്ള നേർച്ച നേരുന്നതിനും ഇസ്‌ലാമിൽ മാതൃകയില്ലാത്തതാകുന്നു. ഇത്തരം നേർച്ചകളെ ക്കുറിച്ച് നബി ﷺ പറയുന്നത് നോക്കൂ :

إِنَّهُ لاَ يَأْتِى بِخَيْرٍ وَإِنَّمَا يُسْتَخْرَجُ بِهِ مِنَ الْبَخِيلِ ».( صحيح مسلم : ٤٣٢٧)

അത്കൊണ്ട് നന്മയില്ല. പിശുക്കന്റെ കയ്യിൽ നിന്നും പണം പുറത്തെടുക്കാൻ മാത്രമെ അത് ഉപകാരപ്പെടുകയുള്ളൂ. (മുസ്‌ലിം : 4327)

# തെറ്റായ നേർച്ചകൾ

ഇന്ന് പാമരജനങ്ങൾ മഖ്ബറകളിലേക്കും മറ്റും എണ്ണയും തിരിയും പട്ടുമെല്ലാം നേർച്ചയാ ക്കുന്നതും, ജാറംമൂടാൻ നേർച്ചയാക്കുന്നതുമെല്ലാം തനി ശിർക്കാകുന്നു. അപ്രകാരം അല്ലാഹു വല്ലാത്തവരുടെ പ്രീതിക്കായി ആട് , കോഴിമുതലാ യവയെ നേർച്ചയാക്കുന്നതും വ്യക്തികളുടെ അവയ വങ്ങൾക്ക് രോഗം ബാധിച്ചാൽ ലോഹങ്ങൾ കൊണ്ടുള്ള അതേ അവയവങ്ങളുടെ ആകൃതിയിൽ (വെള്ളിക്കണ്ണുകളും, പിത്തളകൈകളും, സ്വർണ്ണ ക്കാതുകളും) മഖാമുകളിലേക്ക് നേർച്ചയാക്കു ന്നതും ചിലേടങ്ങളിൽ നടക്കുന്ന ആണ്ടു നേർച്ച കളും കൊടികുത്ത് നേർച്ചകളുമെല്ലാം മഹാപാപ മായ ശിർക്കുതന്നെയാണ്. അല്ലാഹുവിന് ഇഷ്ടമി ല്ലാത്ത ഇത്തരം കാര്യങ്ങൾ നേർച്ചയാക്കിയാൽ അതവൻ വീട്ടാൻ പാടുള്ളതല്ല.. മറിച്ച് അതിന് അവൻ പ്രായശ്ചിത്തം നൽകണം.

റസൂൽ ﷺ പറഞ്ഞു :

، ...وَمَنْ نَذَرَ أَنْ يَعْصِيَهُ فَلاَ يَعْصِهِ. » ( صحيح البخارى : ٦٦٩٦)

ആരെങ്കിലും അല്ലാഹുവിനെ ധിക്കരിക്കു വാൻ നേർച്ചയാക്കിയാൽ അവൻ അല്ലാഹുവിനെ ധിക്കരിക്കാതിരിക്കട്ടെ. (ബുഖാരി : 6696)

ആയിശ (റ) നിവേദനം: നബി ﷺ പറഞ്ഞു:

« لاَ نَذْرَ فِى مَعْصِيَةِ اللَّهِ وَكَفَّارَتُهُ كَفَّارَةُ يَمِينٍ ».

(مسند أحمد : ٢٦٨٥١ و صحيح الجامع: ٧٥٤٧)

അല്ലാഹുവിനെ ധിക്കരിക്കുന്ന കാര്യത്തിൽ നേർച്ചയാക്കിയത് (പൂർത്തിയാക്കൽ) ഇല്ല. (നേർച്ച നിർവ്വഹിക്കാത്തതിനുള്ള) പ്രായശ്ചിത്തം ശപഥം ചെയ്താലുള്ള പ്രായശ്ചിത്തമാണ്. (അഹ്മദ്, ശൈഖ് അൽബാനിയുടെ സ്വഹീഹുൽ ജാമിഅ് : 7547)

മുഹ്‌യിദ്ധീൻ ശൈഖിന്റേയും ബദർ ശുഹദാ ക്കളുടേയും മറ്റും പേരുകളിൽ കോഴിയും ആടും നേർച്ചയാക്കുന്നതും ലാഇലാഹ ഇല്ലല്ലായിൽ നിന്നുള്ള വ്യക്തമായ വ്യതിചലനമാണ്. ഇമാം സ്വാവി തങ്ങളുടെ തഫ്സീറിൽ വ്യക്തമാക്കുന്നത് നോക്കൂ, :

وَمِثْل ذَلِكَ فِي الْحُرْمَةِ مَا يَفْعَلَهُ بَعْضُ السُّفَهَاءِ عَوَامُ مِنْ كَوْنِهِمْ يُرْسِلُونَ عِجْلاً أَوْ شَاةً عَلَى اسْمِ وَلِيٍّ مِنَ الأَوْلِيَاءِ تَأْكُلُ أَمْوَالَ النَّاسِ وَلاَ يَتَعَرَّضُ لَهَا اَحَدٌ فَإِذَا نَصَحَهُمْ اِنْسَانٌ وَقَالَ لَهُمْ اِنَّ ذَلِكَ حَرَامٌ اَسَاؤُا بِهِ الظَّنَّ وَقَالُوا اِنَّهُ لاَ يُحِبُّ الأَوْلِيَاءَ فَإِذَا اعْتَقَدُوا اَنَّ ذَلِكَ قُرْبَةٌ وَطَاعَةٌ فَقَدْ كَفَرُوا وَإِلاَّ فَهُوَ مِنْ جُمْلَةِ الْمُحَرَّمَاتِ وَيَحْسَبُونَ اَنَّهُمْ عَلَى شَيْئٍ اَلاَ اِنَّهُمْ هُمُ الْكَاذِبُونَ ( حاشية الصاوي على تفسير الجلالين ج١ ص: ٢٤٩ تحت الآية ماجعل الله من بحيرة ... )

അറബികൾ മൃഗങ്ങളെ നേർച്ചയാക്കിയതു പോലെത്തന്നെ ഹറാമാണ് ഇന്ന് ബുദ്ധിയില്ലാത്ത ചില ആളുകൾ ചെയ്യുന്നത് അവർ ഏതെങ്കിലും ഒരു വലിയ്യിന്റെപേരിൽ ആടിനേയോ കാളയേയോ വിട്ടയക്കും അത് ജനങ്ങളുടെ മുതൽ തിന്നും. ആരും അതിനെ എതിർക്കില്ല. എന്നാൽ ആരെങ്കി ലും അവരെ ഉപദേശിക്കുകയും അത് തെറ്റാണെന്ന് പറയുകയും ചെയ്താൽ അവരുടെ പ്രതികരണം ഇവൻ ഔലിയാക്കളെ സ്നേഹിക്കാത്തവനാണ് എന്നായിരിക്കും. ഉപദേശിച്ചവനെപ്പറ്റി അവർ ചീത്ത യായി ധരിക്കുകയും ചെയ്യും. ഈ നേർച്ച പുണ്യ കർമ്മമാണെന്ന് ആരെങ്കിലും ധരിച്ചാൽ അവർ കാഫിറായി. അങ്ങനെ വിശ്വാസമില്ലെങ്കിൽ ഈ പ്രവർത്തി ഹറാമുകളിൽപ്പെട്ടതത്രെ. (സ്വാവി : 1/249)

ഇക്കാലത്ത് നേർച്ച എന്ന് കേൾക്കുമ്പോൾ നമ്മുടെ മനസ്സുകളിലേക്ക് ഓർമ്മ വരുന്നത് ശ്മശാനവും, ജാറവും, ഉത്സവവും, ആനയും കു തിരയും യന്ത്രഊഞ്ഞാലും, ആനമയിലൊട്ടകവും കിലുക്കിക്കുത്തലും ആണല്ലോ. അവിടെയും നട ക്കുന്നത് ഖബറാളിക്കുള്ള നേർച്ചയാണ് ബുലൂഗുൽ മറാമിന്റെ വിശദീകരണഗ്രന്ഥമായ സുബുലുസ്സ ലാമിൽ ഇമാം സൻആനി (റ) പറയുന്നതു നോക്കൂ:

وَأَمَّا النُّذُورُ الْمَعْرُوفَةُ فِي هَذِهِ الْأَزْمِنَةِ عَلَى الْقُبُورِ وَالْمَشَاهِدِ وَالْأَمْوَاتِ فَلَا كَلَامَ فِي تَحْرِيمِهَا لِأَنَّ النَّاذِرَ يَعْتَقِدُ فِي صَاحِبِ الْقَبْرِ أَنَّهُ يَنْفَعُ وَيَضُرُّ ، وَيَجْلِبُ الْخَيْرَ وَيَدْفَعُ الشَّرَّ ، وَيُعَافِي الْأَلِيمَ ، وَيَشْفِي السَّقِيمَ. وَهَذَا هُوَ الَّذِي كَانَ يَفْعَلُهُ عِبَادُ الْأَوْثَانِ بِعَيْنِهِ فَيَحْرُمُ كَمَا يَحْرُمُ النَّذْرُ عَلَى الْوَثَنِ (سبل السلام كتاب الأيمان والنذور باب حكم النذر / ج٦ /ص ٣٧٠ /) )

മരണപ്പെട്ടവരുടേയും ശ്മശാനങ്ങളുടേയും ജാറത്തിന്മേലുമെല്ലാം വെച്ചുള്ള ഇക്കാലത്ത് അറിയ പ്പെടുന്ന നേർച്ചകൾ നിഷിദ്ധമാണെന്ന് പറയേ ണ്ടതില്ല. കാരണം നേർച്ചയാക്കുന്നവർ ഖബറിലുള്ള വർ ഉപകാരവും ഉപദ്രവവും ചെയ്യുമെന്നും ഗുണം ചെയ്യുകയും ദോഷത്തെ തടുക്കുകയും രോഗിയെ സുഖപ്പെടുത്തുകയും വേദനയനുഭവി ക്കുന്നവരെ ആശ്വസിപ്പിക്കുകയും ചെയ്യുമെന്നാണ് വിശ്വസിക്കുന്നത്. ഇതുതന്നെയാണ് ബിംബാരാധ കരും ചെയ്യുന്നത്. അതുകൊണ്ട്

ബിംബങ്ങൾ ക്കുള്ള നേർച്ചപോലെ ഇതും നിഷിദ്ധമാണ്. (സുബുലുസ്സലാം : 6/370)

ശാഫി മദ്ഹബുകാരനായ ഇമാം ഇബ്നു ഹജറൽ ഹൈതമി (റ) പറയട്ടെ,

فَإِنْ عَرَفَ قَصْدَهُ فَالَّذِي يَتَّجِهُ أَنَّهُ يأتي فِيه قوْل الأَذْرَعِي فِي النَّـذْرِ لِلْمَشَاهِدِ الْمَبْنِيَّةِ عَلَى قَبْرِ وَلِيٍّ أَوْ نَحْوِهِ مِنْ أَنَّ النَّاذِرَ إِنْ قَصَدَ تَعْظِيمَ البُقْعَةِ أَوِ الْقَبْرِ أَوِ التقرُّبَ إِلَى مَنْ دُفِنَ فِيهَا أَو مَنْ تَنَسَّبَ إِلَيْـهِ وَهُوَ الْغَالِب مِنَ العَامَّة لأَنَّهُمْ يَعْتَقِدُونَ أَنَّ لِهَذِهِ الأَمَـاكِنِ خُصُوصِيَاتٌ لأَنْفُسِهِم وَيَـرَوْنَ أَنَّ النُّـذْرَ لَهَـا مِمَّـا يَنْدَفِعُ بِهِ الْبَلاَءُ فَـلاَ يَصِحُّ النَّـذْرُ فِي صُورَةٍ مِنْ هَـذِهِ الصُّوَرِ لأَنَـهُ لَـمْ يَقْصُـدْ بِـهِ التَّقَـرُّبَ إِلَـى اللّٰهِ سُبْحَانَهُ وَتَعَالَى (فتاوى ابن حجر الهيثمى : (ج ٦ / ص٢٢٧)

മേൽപറഞ്ഞ വലിയ്യിനും മറ്റും നേർച്ചയാ ക്കുന്നവന്റെ ഉദ്ദേശ്യം ഗ്രാഹ്യമായാൽ വലിയ്യി ന്റേയും മറ്റും ഖബറിന്മേൽ നിർമ്മിക്കപ്പെട്ട ജാറങ്ങ ൾക്ക് നേർച്ചയാക്കുന്നതിനെസംബന്ധിച്ച് അദ്റഈ പറഞ്ഞിട്ടുള്ള അഭിപ്രായം അതിലും ബാധകമാണ് എന്നതാണ് ന്യായം. അതെ നേർച്ചയാക്കുന്നവൻ തന്റെ നേർച്ചകൊണ്ട് ആ സ്ഥലത്തെയോ ഖബറി നേയൊ ബഹുമാനിക്കാനാണ് ഉദ്ദേശിച്ചത്. അല്ലെ ങ്കിൽ അവിടെ മറവ് ചെയ്യപ്പെടുകയോ ആ സ്ഥലം ചേർത്ത് പറയപ്പെടുകയോ ചെയ്യുന്ന വ്യക്തിയോ ടുള്ള സാമിപ്യമാണ് ലക്ഷ്യമാക്കിയത് – ഇങ്ങനെ യാണ് സാധാരണ പൊതു ജനങ്ങളിൽനിന്ന് ഇത്ത രം നേർച്ചകൾ ഉണ്ടാകാറുള്ളത്. കാരണം ഈ സ്ഥലങ്ങൾക്ക് മനസ്സിലാക്കാൻ കഴിയാത്ത ചില പ്രത്യേകതകളുണ്ടെന്ന് അവർ വിശ്വസിക്കുന്നു. അവയ്ക്ക് നേർച്ചയാക്കുന്നത്വിപത്തുകളിൽനിന്ന് രക്ഷപ്പെടാനുള്ള മാർഗ്ഗമാണെന്ന് അവർ ധരിക്കു കയും ചെയ്യുന്നു.– ഇത്തരത്തിലുള്ള നേർച്ച ശരി യാവുകയില്ല. കാരണം ആ നേർച്ചകൊണ്ട് പരിശുദ്ധനും ഉന്നതനുമായ അല്ലാഹുവിങ്കലേക്കു ള്ള സാമിപ്യം ലക്ഷ്യമാക്കപ്പെട്ടിട്ടില്ല. (ഫതാവാ ഇബ്നു ഹജറുൽ ഹൈതമി (റ) വാ : 6 പേ : 227)

# നിർവ്വഹിക്കാൻ കഴിയാത്ത നേർച്ച

തന്റെ കഴിവിൽ പെടാത്ത ഒരു കാര്യം നേർച്ച യാക്കിയാൽ അത് നിർവ്വഹിക്കൽഅവന്നിർബന്ധ മാകുകയില്ല. നബി ﷺ പറയുകയുണ്ടായി :

لاَ وَفَاءَ لِنَذْرٍ فِى مَعْصِيَةٍ وَلاَ فِيمَا لاَ يَمْلِكُ الْعَبْدُ ( مسلم : ٤٣٣٣)

(അല്ലാഹുവിനെ) ധിക്കരിക്കുന്ന കാര്യ ത്തിലും ഒരടിയാൻ ഉടമപ്പെടുത്താത്തിലും നേർച്ച യാക്കിയത് (പൂർത്തിയാക്കൽ)ഇല്ല. (മുസ്ലിം: 4333)

എന്നാൽ പിന്നീട് താൻ നേർച്ചയാക്കിയ വസ്തു തനിക്ക് ലഭിക്കുന്ന സമയത്ത് നേർച്ച പൂർത്തിയാക്കേണ്ടതാകുന്നു.

## നേർച്ച നിർവ്വഹിക്കാതെ മരണപ്പെട്ടാൽ

നിർവ്വഹിക്കൽ നിർബന്ധമായ നേർച്ച നിർവ്വഹിക്കുന്നതിന് മുമ്പ് മരണപ്പെടുകയാണെ ങ്കിൽ അദ്ദേഹത്തിന്റെ അനന്തരാവകാശികൾ അയാളുടെ സമ്പത്തിൽനിന്നും അത് നിർവ്വഹി ക്കൽ നിർബന്ധമാകുന്നു. ഇനി നേർച്ച നിർവ്വഹി ക്കാൻ മാത്രം മരണപ്പെട്ടയാൾക്ക് സമ്പത്തില്ലെ ങ്കിൽ അദ്ദേഹത്തിന് പകരമായി അത് നിർവ്വഹി ക്കൽ അഭികാമ്യവുമാണ്.

തെറ്റായതോ നിഷിദ്ധമായതോ നിലക്കുള്ള ഒരു നേർച്ചയാണ് മരണപ്പെട്ട വ്യക്തി നേർന്നിരുന്ന തെങ്കിൽ അത് നിർവ്വഹിക്കൽ അനുവദനീയമല്ല. പക്ഷെ മരണപ്പെട്ട വ്യക്തിക്ക് സമ്പത്ത് ഉണ്ടെങ്കിൽ അനന്തരാവകാശികൾ അതിന് പ്രായശ്ചിത്തം നൽ കൽ നിർബന്ധമാണ്. സമ്പത്തില്ലെങ്കിൽ അദ്ദേഹ ത്തിന് പകരമായി അത് നിർവ്വഹിക്കൽ അഭിലഷ ണീയവുമാകുന്നു.

## നേർച്ച നിർവ്വഹിക്കാത്തതിനുള്ള പ്രായശ്ചിത്വം

നേർച്ച നേർന്നതിന്ശേഷം അത് നിർവ്വഹി ക്കാതിരുന്നാൽ പ്രായശ്ചിത്തം നൽകേണ്ടതാ കുന്നു. ഉഖ്ബത്തുബ്നു ആമിർ ﷺ നിവേദനം : റസൂൽ ﷺ പറയുകയുണ്ടായി :

« كَفَّارَةُ النَّذْرِ كَفَّارَةُ الْيَمِينِ (صحيح مسلم : ٤٣٤٢)

നേർച്ചയുടെ (നിർവ്വഹിക്കാത്തതിലുള്ള) പ്രായശ്ചിത്തം ശപഥം ചെയ്താലുള്ള (അത് ലംഘി ച്ചാലുള്ള) പ്രായശ്ചിത്തമാണ്. (മുസ്ലിം:4342 )

അപ്പോൾ നേർച്ച നിർവ്വഹിക്കാത്തതിനുള്ള പ്രായശ്ചിത്തം ഒന്നുകിൽ വീട്ടുകാർക്ക് നൽകാ റുള്ള മദ്ധ്യനിലയിലുള്ള ഭക്ഷണത്തിൽനിന്ന് പത്തു സാധുക്കൾക്ക് ഭക്ഷണം കൊടുക്കുക. അല്ലെ ങ്കിൽ പത്തു സാധുക്കൾക്ക് മദ്ധ്യനിലയിലുള്ള വസ്ത്രം നൽകുക. അതുമല്ലെങ്കിൽ ഒരു അടിമയെ മോചിപ്പിക്കുക മേൽപറഞ്ഞതൊന്നും കഴിയാതെ വരുമ്പോൾ മൂന്നു ദിവസം തുടർച്ചയായി നോമ്പെ ടുക്കുക.

മേൽപറഞ്ഞ മൂന്ന് കാര്യങ്ങളിൽ മാത്രമാണ് ഇഷ്ടാനുസരണം തിരഞ്ഞെടുക്കാൻ അനുമതി യുള്ളൂ. അവ നിർവഹിക്കാൻ സാധ്യക്കാത്ത ഘട്ടത്തിലെ നോമ്പെടുക്കാൻ പടുള്ളൂ.

വിശദ വിവരണത്തിന് സത്യലംഘനത്തി നുള്ള പ്രായശ്ചിത്വം വിവരിക്കുന്ന ഭാഗം നോക്കുക. പേജ് : 21

# كفارة القتل

## മനുഷ്യവധം

മനുഷ്യ ജീവന് വളരേയധികം വില കൽ പിക്കുന്ന മതമാണ് ഇസ്‌ലാം. സമൂഹത്തിലെ ഓരോ രുത്തർക്കും ചെറുതല്ലാത്ത സ്ഥാനം നൽകുന്നു. ഈ പവിത്രതയ്ക്ക് കളങ്കം വരാവുന്ന ഒരു നട പടിയും ഒരാളിൽനിന്നുംവന്നുകൂടാ. അല്ലാഹു പറയുന്നു:

مَنْ قَتَلَ نَفْساً بِغَيْرِ نَفْسٍ أَوْ فَسَادٍ فِي الأَرْضِ فَكَأَنَّمَا قَتَلَ النَّاسَ جَمِيعاً وَمَنْ أَحْيَاهَا فَكَأَنَّمَا أَحْيَا النَّاسَ جَمِيعاً ( المائدة : ٣٢ )

വല്ലവനും ഒരാളെ കൊലപ്പെടുത്തിയാൽ, അത് മനുഷ്യരെ മുഴുവൻ കൊലപ്പെടുത്തിയതിന് തുല്യമാകുന്നു. ഒരാളുടെ ജീവൻ വല്ലവനും രക്ഷിച്ചാൽ, അത് മനുഷ്യരുടെ മുഴുവൻ ജീവൻ രക്ഷിച്ചതിന് തുല്യമാകുന്നു. (മാഇദ : 32)

നബി ﷺ പറയുന്നു :

« سِبَابُ الْمُسْلِمِ فُسُوقٌ وَقِتَالُهُ كُفْرٌ » .( صحيح البخارى :٦٠٤٤ ومسلم : ٢٣٠)

മുസ്‌ലിമിനെ ശകാരിക്കൽ അധർമ്മവും അവനെ വധിക്കൽ സത്യ നിഷേധവുമാകുന്നു. (ബുഖാരി : 6044, മുസ്‌ലിം : 230)

അല്ലാഹു പറയുന്നു:

وَمَن يَقْتُلْ مُؤْمِنًا مُّتَعَمِّدًا فَجَزَآؤُهُ جَهَنَّمُ خَالِدًا فِيهَا وَغَضِبَ اللّهُ عَلَيْهِ وَلَعَنَهُ وَأَعَدَّ لَهُ عَذَابًا عَظِيمًا ( النساء : ٩٣ )

''ആരെങ്കിലും ഒരു സത്യവിശ്വാസിയെ മനഃ പൂർവ്വം കൊലപ്പെടുത്തുന്നപക്ഷം അവന്നുള്ള പ്രതിഫലം നരകമാകുന്നു. അവനതിൽ നിത്യവാ സിയായിരിക്കും.അവന്റെ നേരെ അല്ലാഹു കോപി ക്കുകയും, അവനെ ശപിക്കുകയും ചെയ്തിരി ക്കുന്നു. കനത്ത ശിക്ഷയാണ് അവന്നുവേണ്ടി അല്ലാഹു ഒരുക്കിവെച്ചുട്ടുള്ളത്. (നിസാഅ് : 93)

## മനഃപ്പൂർവ്വം വധിച്ചാൽ

ഒരുമനുഷ്യനെഅന്യായമായി(മനഃപ്പൂർവ്വം) വധിച്ചാൽ അതിനുള്ള ശിക്ഷ പ്രതിക്രിയ (قصاص) എന്ന നിലയിൽ ഘാതകനെ വധിച്ചു കളയണമെ ന്നാണ് ഇസ്‌ലാമിന്റെ വിധി.

പരസ്പരം ആയുധമെടുക്കാൻ പോലും പാടില്ലാ എന്ന് നിഷ്കർഷിച്ച ഇസ്‌ലാമിന്റെ ആശ യങ്ങൾ ശിരസാവഹിക്കാൻ തയ്യാറുള്ള ഒരു സമൂ ഹത്തിൽ ഒരു മനുഷ്യനെ അന്യായമായി വധിക്കു ന്നവന് സമൂഹത്തിന്റെ പൊതുനന്മ കണക്കിലെ ടുത്ത് പ്രതിക്രിയ എന്ന നിലയിൽ കൊല്ലാൻ കൽപി ക്കുന്നത് തികച്ചും ന്യായയുക്തമായ കാര്യമാണ്.

വിശുദ്ധ ഖുർആൻ പറയുന്നു :

وَلَكُمْ فِي الْقِصَاصِ حَيَاةٌ يَاْ أُولِيْ الأَلْبَابِ لَعَلَّكُمْ تَتَّقُونَ ( البقرة : ١٧٩)

''ബുദ്ധിമാൻമാരേ, തുല്യശിക്ഷ നൽകുന്നതിലാണ് നിങ്ങളുടെ ജീവിതത്തിന്റെ നിലനിൽപ്. നിങ്ങൾ സൂക്ഷ്മത പാലിക്കുന്നതിനുവേണ്ടിയത്രെ (ഈ നിയമനിർദേശങ്ങൾ.) (അൽബഖറ : 179)

മനുഷ്യ ജീവന് ഭീഷണി ഉയർത്തുന്ന സാമൂ ഹികദ്രോഹികൾക്ക് മാതൃകാപരമായശിക്ഷ നൽകു ന്നതിലൂടെ മാത്രമെ സമൂഹത്തിന്റെ സ്വൈരജീ വിതം ഉറപ്പുവരുത്താൻ കഴിയൂ. ഘാതകന്റെമേൽ ശിക്ഷ നടപ്പാക്കുമ്പോൾ അതിനെതിരെ ദയാവായ് പുമായി വരുന്നവർ ഈ സാമൂഹ്യ ദ്രോഹിയുടെ ദുഷ്ചെയ്തികൾ കാരണമായി അനാഥരാക്കപ്പെട്ടവ രേയും വൈധവ്യത്തിലേക്ക് തള്ളപ്പെട്ടവരുടെ വിഷ മങ്ങളെയും മനസ്സിലാക്കുന്നില്ല. ഭൂമിയിലുള്ളത് മുഴുവൻ ചിലവഴിച്ചാലും തിരിച്ചു നൽകാൻ കഴിയാത്ത ജീവന്റെ വില സമൂഹത്തിലെ മറ്റുള്ളവരും മനസ്സിലാക്കാനും ഇത്തരം ദുഷ്പ്രവണതകൾ ആവ ർത്തിക്കാതിരിക്കാനുംഈതുല്യശിക്ഷാനടപടി പര്യാപ്തമാകുന്നു.

അല്ലാഹു പറയുന്നു :

يَا أَيُّهَا الَّذِينَ آمَنُواْ كُتِبَ عَلَيْكُمُ الْقِصَاصُ فِي الْقَتْلَى الْحُرُّ بِالْحُرِّ وَالْعَبْدُ بِالْعَبْدِ وَالأُنثَى بِالأُنثَى فَمَنْ عُفِيَ لَهُ مِنْ أَخِيهِ شَيْءٌ فَاتِّبَاعٌ بِالْمَعْرُوفِ وَأَدَاء إِلَيْهِ بِإِحْسَانٍ ذَلِكَ تَخْفِيفٌ مِّن رَّبِّكُمْ وَرَحْمَةٌ فَمَنِ اعْتَدَى بَعْدَ ذَلِكَ فَلَهُ عَذَابٌ أَلِيمٌ ( البقرة : ١٧٨)

സത്യവിശ്വാസികളേ, കൊലചെയ്യപ്പെട്ടു ന്നവരുടെ കാര്യത്തിൽ തുല്യശിക്ഷ നടപ്പാക്കുക എന്നത് നിങ്ങൾക്ക് നിയമമാക്കപ്പെട്ടിരിക്കുന്നു. സ്വതന്ത്രനു പകരം സ്വതന്ത്രനും, അടിമയ്ക്കു പകരം അടിമയും, സ്ത്രീക്കു പകരം സ്ത്രീയും (കൊല്ലപ്പെടേണ്ടതാണ്.) ഇനി അവന്ന് (കൊലയാ ളിക്ക്) തന്റെ സഹോദരന്റെ പക്ഷത്ത്നിന്ന് വല്ല ഇളവും ലഭിക്കുകയാണെങ്കിൽ അവൻ മര്യാദ പാലിക്കുകയും, നല്ല നിലയിൽ (നഷ്ടപരിഹാരം) കൊടുത്തു വീട്ടുകയും ചെയ്യേണ്ടതാകുന്നു. നിങ്ങ ളുടെ രക്ഷിതാവിങ്കൽനിന്നുള്ള ഒരു വിട്ടുവീഴ്ച യും കാരുണ്യവുമാകുന്നു അത്. ഇനി അതിനു ശേഷവും ആരെങ്കിലും അതിക്രമം പ്രവർത്തി ക്കുകയാണെങ്കിൽ അവന് വേദനയേറിയ ശിക്ഷയു ണ്ടായിരിക്കും.)(അൽബഖറ : 178)

# അബദ്ധവശാൽ സംഭവിക്കുന്ന വധം

അന്യായമായി (മനഃപ്പൂർവ്വം) വധിച്ചാൽ അതിനുള്ള ശിക്ഷ പ്രതിക്രിയ എന്ന നിലയിൽ ഘാതകനെ വധിച്ചു കണയണമെന്നാണ് ഇസ്ലാ മിന്റെ വിധി. എന്നാൽ തന്റെ നിയന്ത്രണങ്ങൾ ക്കതീതമായി അബദ്ധവശാൽ ഒരാളുടെ കൈപ്പിഴ മൂലമോ അല്ലെങ്കിൽ മനപ്പൂർവ്വമല്ലാത്ത വാഹനാപ കടത്തിലോ മറ്റോ ഒരാൾ കൊല്ലപ്പെട്ടാൽ അയാൾ പ്രായശ്ചിത്തം നൽകണമെന്നാണ് ഇസ്ലാം പടിപ്പിക്കുന്നത്. അല്ലാഹു പറയുന്നു :

وَمَا كَانَ لِمُؤْمِنٍ أَن يَقْتُلَ مُؤْمِنًا إِلاَّ خَطَئًا وَمَن قَتَلَ مُؤْمِنًا خَطَئًا فَتَحْرِيرُ رَقَبَةٍ مُّؤْمِنَةٍ وَدِيَةٌ مُّسَلَّمَةٌ إِلَى أَهْلِهِ إِلاَّ أَن يَصَّدَّقُواْ فَإِن كَانَ مِن قَوْمٍ عَدُوٍّ لَّكُمْ وَهُوَ مُؤْمِنٌ فَتَحْرِيرُ رَقَبَةٍ مُّؤْمِنَةٍ وَإِن كَانَ مِن قَوْمٍ بَيْنَكُمْ وَبَيْنَهُمْ مِّيثَاقٌ فَدِيَةٌ مُّسَلَّمَةٌ إِلَى أَهْلِهِ وَتَحْرِيرُ رَقَبَةٍ مُّؤْمِنَةً فَمَن لَّمْ يَجِدْ فَصِيَامُ شَهْرَيْنِ مُتَتَابِعَيْنِ تَوْبَةً مِّنَ اللّهِ وَكَانَ اللّهُ عَلِيمًا حَكِيمًا ( النساء : ٩٢ )

യാതൊരു വിശ്വാസിക്കും മറ്റൊരു വിശ്വാ സിയെ കൊല്ലാൻ പാടുള്ളതല്ല; അബദ്ധത്തിൽ വന്നുപോകുന്നതല്ലാതെ. എന്നാൽ വല്ലവനും ഒരു വിശ്വാസിയെ അബദ്ധത്തിൽ കൊന്നുപോയാൽ (പ്രായശ്ചിത്തമായി) ഒരു വിശ്വാസിയായ അടി മയെ മോചിപ്പിക്കുകയും, അവന്റെ (കൊല്ലപ്പെട്ട വന്റെ)അവകാശികൾക്ക് നഷ്ടപരിഹാരം നൽകു കയുമാണ് വേണ്ടത്. അവർ (ആ അവകാശികൾ) അത് ഉദാരമായി വിട്ടുതന്നെങ്കിലൊഴികെ. ഇനി അവൻ (കൊല്ലപ്പെട്ടവൻ) നിങ്ങളോട് ശത്രുത യുള്ള ജനവിഭാഗത്തിൽ പെട്ടവനാണ്; അവനാ ണെങ്കിൽ സത്യവിശ്വാസിയുമാണ് എങ്കിൽ സത്യ വിശ്വാസിയായ ഒരു അടിമയെ മോചിപ്പിക്കുക മാത്രമാണ് വേണ്ടത്. ഇനി അവൻ (കൊല്ലപ്പെ ട്ടവൻ) നിങ്ങളുമായി സഖ്യത്തിലിരിക്കുന്ന ഒരു ജനവിഭാഗത്തിൽ പെട്ടവനാണെങ്കിൽ അവന്റെ അവകാശികൾക്ക് നഷ്ടപരിഹാരം നൽകുകയും വിശ്വാസിയായ ഒരു അടിമയെ മോചിപ്പിക്കുക യും ചെയ്യേണ്ടതാണ്. വല്ലവന്നും അത് സാധിച്ച് കിട്ടിയില്ലെങ്കിൽ തുടർച്ചയായി രണ്ടുമാസം നോമ്പനുഷ്ഠിക്കേണ്ടതാണ്. അല്ലാഹു നിശ്ചയിച്ച പശ്ചാത്താപ(മാർഗ)മാണത്. അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാകുന്നു. (നിസാഅ്: 92)

# പ്രായശ്ചിത്വം

ഒരു വിശ്വാസിയായ അടിമയെ മോചിപ്പി ക്കുക.

അടിമയെ മോചിപ്പിക്കാൻ കിട്ടാത്തവർ തുടർച്ചയായി രണ്ടുമാസം നോമ്പനുഷ്ഠിക്കേ ണ്ടതാണ് .

ചെയ്തുപോയത് അബദ്ധമാണെങ്കിലും കൊല്ലപ്പെട്ട വ്യക്തിയുടെ കുടുംബത്തിന് അതൊരു തീരാനഷ്ടമാണ്. അതിനുള്ളൊരു നഷ്ടപരിഹാര മെന്ന നിലയിൽ കൊന്ന വ്യക്തി കൊല്ലപ്പെട്ടവന്റെ അവകാശികൾക്ക് നഷ്ടപരിഹാരം പ്രായശ്ചിത്ത തുക (Blood Money) നൽകേണ്ടതാകുന്നു. എന്നാൽ കൊല്ലപ്പെട്ടവന്റെ അവകാശികൾക്ക് കൊലയാളിക്ക് വിട്ടുവീഴ്ച ചെയ്യാനും നഷ്ടപരിഹാരം ഒഴിവാക്കാ നും ഇസ്ലാം അനുമതി നൽകുന്നു.

കൊല്ലപ്പെട്ടവൻ എതിർപക്ഷത്തുള്ള വിശ്വാ സിയാണെങ്കിൽ നഷ്ടപരിഹാരം നൽകേണ്ടതില്ല. പക്ഷെ തെറ്റു തെറ്റായി കാണുകയും ഖേദിച്ചു മട ങ്ങുകയും പ്രായശ്ചിത്തമായി സത്യവിശ്വാസിയായ ഒരു അടിമയെ മോചിപ്പിക്കുകയും വേണം.

ഇനി കൊല്ലപ്പെട്ടവൻ നിങ്ങളുമായി സഖ്യ ത്തിലിരിക്കുന്ന അമുസ്ലിം വിഭാഗത്തിൽ പെട്ടവ നാണെങ്കിൽ അവന്റെ അവകാശികൾക്ക് നഷ്ടപ രിഹാരം നൽകുകയും വിശ്വാസിയായ ഒരു അടിമയെ മോചിപ്പിക്കുകയും ചെയ്യേണ്ടതാണ്.

സാമ്പത്തിക ശേഷിയില്ലാത്ത ഒരാൾക്ക് പ്രായശ്ചിത്തതുകയും അടിമമോചനവും വമ്പിച്ച സാമ്പത്തിക ബാധ്യതയുള്ളതിനാൽ അവൻ പ്രായ ശ്ചിത്തം നൽകാൻ അശക്തനായിരിക്കെ അവനെ നിർബന്ധിക്കുന്നതിൽ അർത്ഥമില്ല. അതിനാൽ വന്നുപോയ അബദ്ധത്തിന്റെ ആഴം മനസ്സിലാക്കി ആത്മാർത്ഥമായി ഖേദിച്ചുമടങ്ങുകയും രണ്ടുമാസം തുടർച്ചയായി നോമ്പനുഷ്ഠിക്കുകയും വേണം.

എന്നാൽ മുമ്പു സൂചിപ്പിച്ചതുപോലെ രോഗം, യാത്ര, ആർത്തവം, പ്രസവം, റമദാൻ, പെരുന്നാൾ, മറവിപോലെ മതപരമായ ഏതെങ്കിലും കാരണ ങ്ങൾ കൊണ്ട് നോമ്പിന്റെ തുടർച്ച നഷ്ടപ്പെടുക യാണെങ്കിൽ അയാൾ തുടക്കം മുതൽ നോമ്പെടു ക്കേണ്ടതില്ല. മറിച്ച് ബാക്കിയുള്ളത് നോറ്റുവീട്ടി യാൽ മതിയാകുന്നതാണ്. മറിച്ച് മതപരമായ കാര ണങ്ങളൊന്നുമില്ലാതെയാണ് തുടർച്ച നഷ്ടപ്പെടു ത്തിയതെങ്കിൽ തുടക്കം മുതൽ നോമ്പെടുക്കേണ്ട തുമാകുന്നു.

كفارة الظهار

# ളിഹാർ

അജ്ഞാന കാലത്തുണ്ടായിരുന്നതും നമ്മു ടെ നാട്ടിലില്ലാത്തതുമായ ഒരു വിവാഹമോചന രീ തിയാണിത്. ഭർത്താവ് ഭാര്യയോട് എനിക്ക് നീ എന്റെ മാതാവിന്റെ മുതുകുപോലെയാണ് എന്ന് പറഞ്ഞു ഭാര്യയുമായി ബന്ധപ്പെടാതെ അകന്നു നിൽക്കലാണിത്. അഥവാ സ്വന്തം മാതാവുമായി ലൈംഗിക ബന്ധത്തിലേർപ്പെടാൻ പാടില്ലാത്തതു പോലെ ഭാര്യയുമായി ലൈംഗിക ബന്ധത്തിലേർ പ്പെടാതെ വിട്ടു നിൽക്കൽ.

ഇസ്ലാം ഇത് നിരോധിക്കുകയും ഇതിന് വലിയ പ്രായശ്ചിത്തം വിധിക്കുകയും ചെയ്തിരി ക്കുന്നു. ഇങ്ങനെ ളിഹാർ നടത്തിവീണ്ടും തന്റെ ഭാര്യയുമായി സമീപിക്കാൻ ഉദ്ദേശിക്കുന്നുവെ ങ്കിൽ അവൻ പ്രായശ്ചിത്തം നൽകേണ്ടതാകുന്നു.

ഇതുമായി ബന്ധപ്പെട്ടാണ് സൂറത്തുൽ മുജാദിലയുടെ ആദ്യഭാഗം അവതരിച്ചെതെന്ന് ഖുർആൻ വ്യാഖ്യാതാക്കളും ഹദീസ് പണ്ഡിതന്മാ രും വ്യക്തമാകുന്നു. അവയിൽ പ്രസക്തമായ ഭാഗം ഇതാകുന്നു.

ഔസുബ്നു സ്വാമിത് ഒരു വൃദ്ധനായി രുന്നു. ഥഅ്ലബയുടെ മകൾ ഖൗലയാണ് അദ്ദേ ഹത്തിന്റെ ഭാര്യ. ഒരിക്കൽ അദ്ദേഹം വീട്ടിൽ വന്നപ്പോൾ ഖൗല (റ) യുടെ സംസാരം തനിക്ക് ഇഷ്ടപ്പെട്ടില്ല. അദ്ദേഹം ഭാര്യയെ ളിഹാർ ചെയ്തു. പിന്നീട് ഈ അവിവേകത്തിൽഅദ്ദേഹം ഖേദിക്കു കയും പറഞ്ഞുപോയ വാക്കു മടക്കി യടുത്തു എന്ന നിലക്കു ഭാര്യയെ സമീപിക്കാനു ദ്ദേശിക്കുക യുംചെയ്തു. പക്ഷെ ഭാര്യ കൂട്ടാക്കിയില്ല. ളിഹാർ നടന്നു കഴിഞ്ഞ സ്ഥിതിക്ക് അതിൽ അല്ലാഹു വിന്റേയും റസൂലിന്റേയുംവിധി അറിയണം എന്ന നിലക്ക് ഖൗല (റ) നബി ﷺ യുടെ അടുക്കൽ ചെന്നു പറഞ്ഞു: റസൂലേ; ഔസ് എന്നെ വിവാഹം ചെയ്യുമ്പോൾ ഞാനൊരു യുവതിയായിരുന്നു. ഇപ്പോൾ എനിക്കു വയസ്സായി മക്കളും അധികമുണ്ട്. ഇപ്പോഴദ്ദേഹമെന്നെ ളിഹാർ ചെയ്തിരിക്കുന്നു വെന്ന് പരാതി പറഞ്ഞു. അതുകൊണ്ട് ഈ വിഷയവുമായി ബന്ധപ്പെട്ട തീരുമാനം അറിയിച്ചു തന്നാലും. അപ്പോൾ അല്ലാഹു താഴെ വരുന്ന വചനങ്ങൾ അവതരിപ്പിച്ചു.
(സ്വഹീഹുഅബീദാവൂദ്:2214,സ്വഹീഹുഇബ്നുമാജഃ :2063 )

قَدْ سَمِعَ اللَّهُ قَوْلَ الَّتِي تُجَادِلُكَ فِي زَوْجِهَا وَتَشْتَكِي إِلَى اللَّهِ وَاللَّهُ يَسْمَعُ تَحَاوُرَكُمَا إِنَّ اللَّهَ سَمِيعٌ بَصِيرٌ (١) الَّذِينَ يُظَاهِرُونَ مِنكُم مِّن نِّسَائِهِم مَّا هُنَّ أُمَّهَاتِهِمْ إِنْ أُمَّهَاتُهُمْ إِلَّا اللَّائِي وَلَدْنَهُمْ وَإِنَّهُمْ لَيَقُولُونَ مُنكَرًا مِّنَ الْقَوْلِ وَزُورًا وَإِنَّ اللَّهَ لَعَفُوٌّ غَفُورٌ (٢)وَالَّذِينَ يُظَاهِرُونَ مِن نِّسَائِهِمْ ثُمَّ يَعُودُونَ لِمَا قَالُوا فَتَحْرِيرُ رَقَبَةٍ مِّن قَبْلِ أَن يَتَمَاسَّا ذَٰلِكُمْ تُوعَظُونَ بِهِ وَاللَّهُ بِمَا تَعْمَلُونَ خَبِيرٌ(٣) فَمَن لَّمْ يَجِدْ فَصِيَامُ شَهْرَيْنِ مُتَتَابِعَيْنِ مِن قَبْلِ أَن يَتَمَاسَّا فَمَن لَّمْ يَسْتَطِعْ فَإِطْعَامُ سِتِّينَ مِسْكِينًا ذَٰلِكَ لِتُؤْمِنُوا بِاللَّهِ وَرَسُولِهِ وَتِلْكَ حُدُودُ اللَّهِ وَلِلْكَافِرِينَ عَذَابٌ أَلِيمٌ (٤) المجادلة

(നബിയേ,)തന്റെഭർത്താവിന്റെകാര്യത്തിൽ നിന്നോട് തർക്കിക്കുകയും അല്ലാഹുവിങ്കലേക്ക് സ ങ്കടം ബോധിപ്പിക്കുകയും ചെയ്യുന്നവളുടെ വാക്ക് അല്ലാഹു കേട്ടിട്ടുണ്ട്. അല്ലാഹു നിങ്ങൾ രണ്ടുപേ രുടെയും സംഭാഷണം കേട്ടുകൊണ്ടിരിക്കുകയാ ണ്. തീർച്ചയായും അല്ലാഹു എല്ലാം കേൾക്കുന്ന വനും കാണുന്നവനുമാണ്. (1) നിങ്ങളുടെ കൂട്ടത്തി ൽ തങ്ങളുടെ ഭാര്യമാരെ മാതാക്കൾക്ക് തുല്യമായി പ്രഖ്യാപിക്കുന്നവർ (അബദ്ധമാകുന്നു ചെയ്യുന്നത്.) അവർ(ഭാര്യമാർ) അവരുടെ മാതാക്കളല്ല.

അവരുടെ മാതാക്കൾ അവരെ പ്രസവിച്ച സ്ത്രീകൾ അല്ലാതെ മറ്റാരുമല്ല. തീർച്ചയായും അവർ നിഷിദ്ധമായ വാ ക്കും അസത്യവുമാണ്പറയുന്നത്. തീർച്ചയായും അല്ലാഹു അധികം മാപ്പുനൽകുന്നവനും പൊറുക്കു ന്നവനുമാണ്. (2) തങ്ങളുടെ ഭാര്യമാരെ മാതാക്ക ൾക്ക് തുല്യമായി പ്രഖ്യാപിക്കുകയും, പിന്നീട് തങ്ങൾ പറഞ്ഞതിൽനിന്ന് മടങ്ങുകയും ചെയ്യുന്ന വർ, അവർ പരസ്പരം സ്പർശിക്കുന്നതിനു മുമ്പാ യി ഒരു അടിമയെ മോചിപ്പിക്കേണ്ടതാണ്. അത് നി ങ്ങൾക്കു നൽകപ്പെടുന്ന ഉപദേശമാണ്. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മജ്ഞാ നമുള്ളവനാകുന്നു. (3) ഇനി വല്ലവന്നും (അടിമയെ) ലഭിക്കാത്തപക്ഷം, അവർ പരസ്പരം സ്പർശിക്കുന്നതിന് മുമ്പായി തുടർച്ചയായി രണ്ടു മാസക്കാലം നോമ്പനുഷ്ഠിക്കേണ്ടതാണ്. വല്ലവ ന്നും (അത്) സാധ്യമാകാത്ത പക്ഷം അറുപതു അ ഗതികൾക്ക് ആഹാരം നൽകേണ്ടതാണ്. അത് അ ല്ലാഹുവിലും അവന്റെ ദൂതനിലും നിങ്ങൾ വിശ്വസി ക്കാൻ വേണ്ടിയത്രെ. അവ അല്ലാഹുവിന്റെ പരിധി കളാകുന്നു. സത്യനിഷേധികൾക്ക് വേദനയേറിയ ശിക്ഷയുണ്ട്. (4)

## പ്രായശ്ചിത്വം

വിശ്വാസിയായ ഒരടിമയെ മോചിപ്പിക്കുക. അടിമ യെ മോചിപ്പിക്കാൻ കിട്ടാത്തവർ തുടർച്ചയായി രണ്ടുമാസം നോമ്പനുഷ്ഠിക്കേണ്ടതാണ്. അതിനും കഴിയാത്ത പക്ഷം അറുപതു സാധുക്കൾക്കു ഭക്ഷണം നൽകുക. നോമ്പെടുക്കുമ്പോൾ രണ്ടു മാസം തുടർച്ചയായി എടുക്കേണ്ടതുമാകുന്നു. എന്നാൽ മുമ്പു സൂചിപ്പിച്ചതുപോലെ മതപരമായ ഏതെങ്കിലും കാരണങ്ങൾകൊണ്ട് നോമ്പിന്റെ തുട ർച്ച നഷ്ടപ്പെടുകയാണെങ്കിൽ പിന്നീട് അയാൾ തുടക്കം മുതൽ നോമ്പെടുക്കേണ്ടതില്ല. മറിച്ച് ബാക്കിയുള്ളത് നോറ്റുവീട്ടിയാൽ മതിയാകുന്നതാ ണ്. മറിച്ച് മതപരമായ കാരണങ്ങളൊന്നുമില്ലാതെ യാണ് തുടർച്ച നഷ്ടപ്പെടുത്തിയതെങ്കിൽ തുടക്കം മുതൽ നോമ്പെടുക്കേണ്ടതുമാകുന്നു.

## كفارة الإيلاء

# ഈലാഅ്

(സത്യംചെയ്തു അകന്നു നിൽക്കൽ)

ദമ്പതികൾ തമ്മിൽ അനിഷ്ടമുണ്ടാകുമ്പോൾ മേലിൽ താൻ ഭാര്യയുമായിലൈംഗികവേഴ്ചയിൽ ഏർപ്പെടുകയില്ലെന്ന് ശപഥംചെയ്തു വിട്ടുനിൽ ക്കുന്നൊരു പതിവ് മുമ്പ് അറബികളിലുണ്ടായി രുന്നു. നാലു മാസത്തിൽ കൂടുതൽ കാലം ഇപ്ര കാരം അകന്നു നിൽക്കൽ ഇസ്ലാം നിഷിദ്ധമാ ക്കുന്നു. അല്ലാഹു പറയുന്നു :

لِلَّذِينَ يُؤْلُونَ مِن نِّسَآئِهِمْ تَرَبُّصُ أَرْبَعَةِ أَشْهُرٍ فَإِنْ فَآؤُوا فَإِنَّ اللّهَ غَفُورٌ رَّحِيمٌ ( البقـــرة : ٢٢٦ )

തങ്ങളുടെ ഭാര്യമാരുമായി (ബന്ധപ്പെടുക യില്ലെന്ന്) ശപഥം ചെയ്ത് അകന്നു നിൽക്കുന്ന വർക്ക് (അന്തിമ തീരുമാനത്തിന്) നാലു മാസം വരെ കാത്തിരിക്കാവുന്നതാണ്. അതിനിടയിൽ അവർ (ശപഥം വിട്ട് ദാമ്പത്യത്തിലേക്ക്) മടങ്ങുക യാണെങ്കിൽ അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ. (സൂറഃ ബഖറഃ : 226)

ഒരാൾ തന്റെ ഭാര്യയെ ഈലാഅ് ചെയ്യുന്ന പക്ഷം പരമാവധി നാല്മാസം അവന് ഒഴിവ് നൽകാം. അതുവരെ അവന്റെമേൽ നിയമ നടപടിയൊന്നും എടുത്തുകൂടാ. നാലു മാസം കഴിഞ്ഞിട്ടും ഭാര്യയുമായി സംസർഗം പുനരാരം ഭിക്കുന്നില്ലെങ്കിൽ അവളെ വിവാഹ മോചനം ചെയ്ത് വിട്ടയക്കണം. അല്ലാത്തപക്ഷം ഭാര്യക്ക് ന്യായാധിപനെ സമീപിച്ച് നിയമപരമായ നടപടി കൾ സ്വീകരിക്കാവുന്നതാണ്.

മേൽ ആയത്തിന്റെ അടിസ്ഥാനത്തിൽ ഈലാഅ് ഇല്ലെങ്കിലും മതിയായ കാരണം കൂടാതെ അധികകാലം ഒരു ഭർത്താവ് അയാളുടെ ഭാര്യയെ വിട്ട്നിൽക്കുവാൻ പാടില്ലെന്ന് മനസ്സിലാകുന്നു. നാലുമാസത്തിൽ കൂടുതൽ ഭാര്യമാരെ വിട്ടുനിൽ ക്കരുതെന്ന് ഉമർ ﷺ തന്റെ സൈനികർക്ക് നിർദ്ദേ ശം നൽകിയിരുന്നതായി ഈ ആയത്തിന്റെ വിശദീ കരണത്തിൽ ഇമാം ഇബ്നു കഥീർ ഉദ്ധരിക്കു ന്നുണ്ട്.

ഈലാഉ് ചെയ്ത വ്യക്തി നാലുമാസം പൂർ ത്തിയാക്കൽ നിർബന്ധമില്ല. അതിനു മുമ്പു തന്നെ അവളുമായി സംസർഗം പുനരാരംഭിക്കാൻ കരുതുന്നപക്ഷം ശപഥംലംഘിച്ച് പ്രായശ്ചിത്തം നൽകി ബന്ധം സ്ഥാപിക്കാം.

## പ്രായശ്ചിത്തം

താഴെ കൊടുത്ത മൂന്നെണ്ണത്തിൽ ഏതെങ്കിലും ഒന്ന് നിർവ്വഹിക്കാവുന്നതാണ്.

1) സ്വന്തം വീട്ടുകാർക്ക് നൽകാറുള്ള മദ്ധ്യനില യിലുള്ള ഭക്ഷണത്തിൽ നിന്ന് പത്തു സാധു ക്കൾക്ക് ഭക്ഷണം കൊടുക്കുക.
2) പത്തു സാധുക്കൾക്ക് മദ്ധ്യനിലയിലുള്ള വസ്ത്രം (മുണ്ടും,ശർട്ടും)നൽകുക.

3) ഒരു അടിമയെ മോചിപ്പിക്കുക.

മേൽപറഞ്ഞതൊന്നും നൽകാൻ കഴിയാതെ വരുമ്പോൾ മൂന്നു ദിവസം നോമ്പെടുത്താൽ മതി യാകും. മേൽ പറഞ്ഞ മൂന്ന് കാര്യങ്ങളിൽ മാത്ര മാണ് ഇഷ്ടാനുസരണം തിരഞ്ഞെടുക്കാൻ അനു മതിയുള്ളൂ. അവ നിർവഹിക്കാൻ സാധ്യക്കാത്ത ഘട്ടത്തിലാണ് നോമ്പെടുക്കാൻ പറ്റുകയുള്ളൂ.

كفارة الجماع في نهار رمضان

# റമദാനിന്റെ പകലിൽ സംഭോഗം

വിശുദ്ധ റമദാനിന്റെ പകലിൽ സംഭോഗം നടത്തുന്നത് വലിയ പാപവും അത്മൂലം നോമ്പ് മുറിയുന്നതാകുന്നു. ഇങ്ങനെയുള്ളവർക്ക് അഞ്ചു കാര്യങ്ങളാണുള്ളത്.

റമദാനിന്റെ പകലിൽ സംഭോഗം വലിയ കുറ്റമാകുന്നു. ഇത് മുഖേന താഴെ പറയുന്ന കാര്യങ്ങൾ സംഭവിക്കുന്നു.

എ. നോമ്പ് മുറിയുന്നു.
ബി. അന്നത്തെ പകലിലെ ബാക്കി സമയം നോമ്പ് നോൽക്കണം
സി. പ്രായശ്ചിത്തം നൽകണം.
ഡി. തൗബ ചെയ്യേണ്ടതാകുന്നു.

തന്റെ സമ്മതത്തോടെ സംഭോഗത്തിലേർപ്പെട്ട സ്ത്രീക്കും പ്രായശ്ചിത്തം നിർബന്ധമാണ്. അതല്ല അവൾ നിർബന്ധിക്കപ്പെടുകയാണുണ്ടായ തെങ്കിൽ അവൾ പ്രായശ്ചിത്തം നൽകേണ്ടതില്ല. പക്ഷെ അതിന് കാരണമായേക്കാവുന്ന എല്ലാ മാർഗങ്ങളിൽനിന്നും കഴിവിന്റെ പരമാവധി വിട്ടുനിൽക്കാൻ ശ്രമിച്ചിരിക്കേണ്ടതുണ്ട്.

അബൂഹുറൈറ ﷺ നിവേദനം :

بَيْنَمَا نَحْنُ جُلُوسٌ عِنْدَ النَّبِىِّ ﷺ إِذْ جَاءَهُ رَجُلٌ ، فَقَالَ يَا رَسُولَ اللَّهِ هَلَكْتُ . قَالَ « مَا لَكَ » . قَالَ وَقَعْتُ عَلَى امْرَأَتِى وَأَنَا صَائِمٌ . فَقَالَ رَسُولُ اللَّهِ ﷺ « هَلْ تَجِدُ رَقَبَةً تُعْتِقُهَا » . قَالَ لاَ . قَالَ « فَهَلْ تَسْتَطِيعُ أَنْ تَصُومَ شَهْرَيْنِ مُتَتَابِعَيْنِ » . قَالَ لاَ . فَقَالَ « فَهَلْ تَجِدُ إِطْعَامَ سِتِّينَ مِسْكِينًا » . قَالَ لاَ . قَالَ فَمَكَثَ النَّبِىُّ ﷺ، فَبَيْنَا نَحْنُ عَلَى ذَلِكَ أُتِىَ النَّبِىُّ ﷺ بِعَرَقٍ فِيهَا تَمْرٌ قَالَ « أَيْنَ السَّائِلُ » . فَقَالَ أَنَا . قَالَ « خُذْهَا فَتَصَدَّقْ بِهِ » . فَقَالَ الرَّجُلُ أَعَلَى أَفْقَرَ مِنِّى يَا رَسُولَ اللَّهِ فَوَاللَّهِ مَا بَيْنَ لاَبَتَيْهَا أَهْلُ بَيْتٍ أَفْقَرُ مِنْ أَهْلِ بَيْتِى ، فَضَحِكَ النَّبِىُّ ﷺحَتَّى بَدَتْ أَنْيَابُهُ ثُمَّ قَالَ « أَطْعِمْهُ أَهْلَكَ » ( صحيح البخارى ١٩٣٦ ومسلم :٢٦٥١)

ഞങ്ങൾ നബി ﷺ യുടെ അടുത്ത് ഇരിക്കുക യായിരുന്നു. നബി ﷺ യുടെ അടുത്ത് ഒരാൾ വന്നു പറഞ്ഞു: അല്ലാഹുവിന്റെ ദൂതരെ, ഞാൻ നശിച്ചിരി ക്കുന്നു. നബി ﷺ ചോദിച്ചു നിന്നെ നശിപ്പിച്ചതെ ന്താണ്? അദ്ദേഹം പറഞ്ഞു: ഞാൻ നോമ്പുകാര നായിരിക്കെ എന്റെ ഭാര്യയുമായി സംഭോഗത്തിലേ ർപ്പെടുകയുണ്ടായി. നബി ﷺ ചോദിച്ചു: നിനക്ക് ഒര ടിമയെ മോചിപ്പിക്കാനുള്ള കഴിവുണ്ടോ? അയാൾ പറഞ്ഞു: ഇല്ല. നബി ﷺ ചോദിച്ചു: എന്നാൽ രണ്ടു മാസം തുടർച്ചയായി നോമ്പനുഷ്ഠിക്കാൻ നിനക്ക് കഴിയുമോ? അയാൾ പറഞ്ഞു: ഇല്ല. നബി ﷺ ചോദി ച്ചു: എന്നാൽ അറുപത് സാധുക്കൾക്ക് ആഹാരം ന ൽകാൻ നിനക്ക് കഴിവുണ്ടോ? അദ്ദേഹം പറഞ്ഞു: ഇല്ല. അങ്ങനെ അൽപസമയത്തിന് ശേഷം നബി ﷺ യുടെ അടുക്കൽ ഒരു കുട്ട കാരക്ക ആരോ കൊ ണ്ടുവന്നു. നബി ﷺ

ചോദിച്ചു: ആ ചോദ്യകർത്താവ് എവിടെ? അയാൾ പറഞ്ഞു: ഞാനിതാ. നബി ﷺ പറഞ്ഞു : ഇത് കൊണ്ടു പോയി ധർമ്മം ചെയ്യുക. അയാൾ പറഞ്ഞു അല്ലാഹുവിന്റെ ദൂതരെ, എന്നെ ക്കാൾ സാധുവിന്നാണോ ധർമ്മം ചെയ്യേണ്ടത് ? ഈ രണ്ടു ചരൽ ഭൂമികൾക്കിടയിൽ (മദീനയുടെ രണ്ടു അതിർത്തികൾ) എന്റെ കുടുംബത്തേക്കാൾ ദരിദ്ര മായ മറ്റൊരു കുടുംബമില്ല. ആഗതന്റെ മറുപടി കേട്ടപ്പോൾ നബി ﷺ അണപ്പല്ലുകൾ പുറത്തുകാണ ത്തക്കവിധം ചിരിച്ചു. എന്നിട്ട് പറഞ്ഞു നീ ഇത് കൊണ്ടു പോയി നിന്റെ വീട്ടുകാരെ ഭക്ഷിപ്പിച്ചു കൊള്ളുക. (ബുഖാരി : 1936,മുസ്ലിം : 2651)

## പ്രായശ്ചിത്തം

എ. ഒരടിമയെ മോചിപ്പിക്കുക.

ബി. അതിനുകഴിയില്ലെങ്കിൽ രണ്ടുമാസം തുടർ ച്ചയായി നോമ്പനുഷ്ടിക്കുക.

സി. അതിനും കഴിയാത്ത പക്ഷം അറുപത് സാധുക്കൾക്ക് ഭക്ഷണം ദാനം ചെയ്യുക.

# വയോവൃദ്ധരും നിത്യരോഗികളും

നോമ്പെടുക്കാൻ ശേഷിയില്ലാത്ത വയോ വൃദ്ധനും വൃദ്ധക്കും തളർവാദം പോലെയുള്ള രോഗങ്ങൾ മുഖേന ശയ്യാവലംബികളായ രോഗിക ൾക്കും നോമ്പുപിടിക്കാനോ, പിന്നീട് നോറ്റുവീ ട്ടാനോ സാധാരണ ഗതിയിൽ വിഷമകരമായതി നാൽ പ്രായശ്ചിത്തം നൽകാവുന്നതാണ്.

## പ്രായശ്ചിത്തം

ഓരോ ദിവസത്തെ നോമ്പിനും പകരം ഒരു സാധുവിന് ഭക്ഷണം നൽകുക.

അല്ലാഹു പറയുന്നു :

وَعَلَى الَّذِينَ يُطِيقُونَهُ فِدْيَةٌ طَعَامُ مِسْكِينٍ ( البقرة : ١٨٤)

(ഞെരുങ്ങിക്കൊണ്ട് മാത്രം) അതിന്നു (നോ മ്പിന്) സാധിക്കുന്നവർ (പകരം) ഒരു പാവപ്പെട്ടവ ന്നുള്ള ഭക്ഷണം പ്രായശ്ചിത്തമായി നൽകേണ്ട താണ്. (സൂറഃ ബഖറഃ : 184)

എന്നാൽ പ്രായശ്ചിത്തവും പിന്നീട് നോമ്പും നോറ്റ് വീട്ടണമെന്ന തെറ്റിദ്ധാരണ ചിലരിൽകാണാം ഇത് നബി ചര്യക്ക് വിരുദ്ധമാകുന്നു. ഭാര്യയുമായി നോമ്പിന്റെ പകൽ ലൈംഗികബന്ധത്തിലേ ർപ്പെട്ടവന് മാത്രമാണ് രണ്ടും നിർബന്ധമാകുന്നത്.

# ഋതുമതികളുമായുള്ള സംയോഗം

ആർത്തവ കാലത്ത് ഭാര്യയുമായി ബന്ധ പ്പെടൽ ഇസ്‌ലാം വിലക്കിയിരിക്കുന്നു.
അല്ലാഹു പറയുന്നു :

وَيَسْأَلُونَكَ عَنِ الْمَحِيضِ قُلْ هُوَ أَذًى فَاعْتَزِلُواْ النِّسَاء فِي الْمَحِيضِ وَلاَ تَقْرَبُوهُنَّ حَتَّىَ يَطْهُرْنَ فَإِذَا تَطَهَّرْنَ فَأْتُوهُنَّ مِنْ حَيْثُ أَمَرَكُمُ اللّهُ إِنَّ اللّهَ يُحِبُّ التَّوَّابِينَ وَيُحِبُّ الْمُتَطَهِّرِينَ ( البقرة :٢٢٢)

ആർത്തവത്തെപ്പറ്റി അവർ നിന്നോട് ചോദി ക്കുന്നു. പറയുക; അതൊരു മാലിന്യമാകുന്നു. അതിനാൽ ആർത്തവഘട്ടത്തിൽ നിങ്ങൾ സ്ത്രീ കളിൽ നിന്ന് അകന്നു നിൽക്കേണ്ടതാണ്. അവർ ശുദ്ധിയാകുന്നത് വരെ അവരെ സമീപിക്കുവാൻ പാടില്ല. എന്നാൽ അവർ ശുചീകരിച്ചു കഴിഞ്ഞാൽ അല്ലാഹു നിങ്ങളോട് കൽപിച്ച വിധത്തിൽ നിങ്ങൾ അവരുടെ അടുത്ത് ചെന്നുകൊള്ളുക. തീർച്ചയാ യും അല്ലാഹു പശ്ചാത്തപിക്കുന്നവരെ ഇഷ്ട പ്പെടുന്നു. ശുചിത്വം പാലിക്കുന്നവരെയും ഇഷ്ട പ്പെടുന്നു. (സൂറഃ ബഖറഃ : 222)

അനസ് ﷺ നിവേദനം സ്ത്രീകൾക്ക് ആർ ത്തവകാലമായാൽ യഹൂദികൾ അവരൊന്നിച്ച് ഭക്ഷണം കഴിക്കുകയോ വീട്ടിൽ ഒന്നിച്ച് പെരുമാറു കയോ ചെയ്തിരുന്നില്ല. സഹാബികൾ അതിനെപ്പറ്റി നബി ﷺ യോട് ചോദിച്ചു. അപ്പോഴാണ് ഈ വചനം അവതരിച്ചത്. അപ്പോൾ റസൂൽ ﷺ പറഞ്ഞു :

« اصْنَعُوا كُلَّ شَيْءٍ إِلاَّ النِّكَاحَ ». (صحيح مسلم : ٧٢٠ )

സംഭോഗം ഒഴിച്ചുള്ളതെല്ലാം ചെയ്തു കൊള്ളുക. (മുസ്‌ലിം : 720)

യഹൂദികളെപ്പോലെ ഹൈന്ദവ സുഹൃത്തു ക്കൾക്കിടയിലും ആർത്തവകാലത്ത് സ്ത്രീകളു മായി ഐത്തം ആചരിച്ചുവരുന്ന സമ്പ്രദായം നില വിലുണ്ട്. അടുത്തകാലംവരെ കേരളത്തിലെ അധഃ കൃതരും ആർത്തവകാരികളെ അവരുടെ വീടുക ളിൽനിന്ന് മാറ്റിത്താമസിപ്പിച്ചിരുന്നു. അവരെ അശു ദ്ധകളായി പരിഗണിക്കുകയും അവർ പാകം ചെയ്ത ഭക്ഷണം കഴിക്കാതിരിക്കുകയും ചെയ്തി രുന്നു. എന്നാൽ എല്ലാ കാര്യത്തിലുമെന്നപോലെ ഈ വിഷയത്തിലും ഇസ്‌ലാം നീതിയുക്തവും, മനു ഷ്യത്വപരവുമായ ഒരു സമീപനമാണ് സ്വീകരി ക്കുന്നത്. ആർത്തവം മാലിന്യമാണ് എന്നാൽ സ്ത്രീ മലിനപ്പെടുന്നില്ല. അതിനാൽ ആർത്തവം അവസാനിച്ച് കുളിച്ച് ശുദ്ധമാകുന്നത്‌വരെ അവളു മായി ലൈംഗിക വേഴ്ചയിലേർപ്പെടരുത്. എന്നാൽ അവളോടൊപ്പം ശയിക്കുന്നതിനോ അവളെ ചുംബി ക്കുന്നതിനോ സംഭോഗമല്ലാത്ത ആസ്വാദനങ്ങൾ നടത്തുന്നതിനോ മതത്തിൽ വിരോധമില്ല.

അബൂഹുറൈറ ﷺ നിവേദനം നബി ﷺ പറഞ്ഞു:

« مَنْ أَتَى حَائِضًا أَوِامْرَأَةً فِى دُبُرِهَا أَوْ كَاهِنًا فَصَدَّقَهُ بِمَا يَقُولُ فَقَدْ كَفَرَ بِمَا أُنْزِلَ عَلَى مُحَمَّدٍ ». ( سنن ابن ماجه : ٦٨٢ )

ഋതുമതിയെ പ്രാപിക്കുകയോ സ്ത്രീകളുടെ ഗുദത്തിൽ സംഭോഗം ചെയ്യുകയോ ജ്യോത്സ്യന്റെ അടുത്തുചെന്ന് അയാൾ പറഞ്ഞത് അംഗീകരിക്കു കയോ ചെയ്തവൻ മുഹമ്മദിന് ഇറക്കപ്പെട്ടതിൽ അവിശ്വസിച്ചിരിക്കുന്നു. (ഇബ്നു മാജഃ : 682)

നബി ﷺ യുടെ ചില ഭാര്യമാരിൽനിന്നും ഇക്‌രിമഃ നിവേദനം

أَنَّ النَّبِىَّ ﷺ كَانَ إِذَا أَرَادَ مِنَ الْحَائِضِ شَيْئًا أَلْقَى عَلَى فَرْجِهَا ثَوْبًا. ( سنن أبى داود :٢٧٢)

നബി ﷺ ആർത്തവമുള്ള ഭാര്യയിൽനിന്ന് ലൈംഗികസുഖം ആസ്വദിക്കാൻ ഉദ്ദേശിച്ചാൽ അവരുടെ ഗുഹ്യസ്ഥാനത്ത് വല്ല വസ്ത്രമിടുക യും (എന്നിട്ട് അവിടുന്ന് ഉദ്ദേശിച്ചത് പ്രവർത്തി ക്കുകയും) ചെയ്യുമായിരുന്നു. (അബൂദാവൂദ് : 272)

## പ്രായശ്ചിത്തം

ആർത്തവകാലത്ത് ഭാര്യയുമായി ലൈംഗിക ബന്ധത്തിലേർപ്പെടുന്നവർ അതിൽ ഖേദിക്കു കയും അല്ലാഹുവിനോട് പശ്ചാത്തപിക്കുകയും ചെയ്യേണ്ടതാകുന്നു.

എന്നാൽ ചെയ്ത കുറ്റം ചെറുതല്ല പശ്ചാ താപത്തോടൊപ്പം പ്രായശ്ചിത്തമായി ഒരു ദീനാറോ അല്ലെങ്കിൽ അതിന്റെ പകുതിയോ ദാനം ചെയ്യണ മെന്നും അഭിപ്രായമുണ്ട്[2] എന്നാൽ അറിവില്ലാ തെയാണ് ആർത്തവകാരിയെ സമീപിച്ചതെങ്കിൽ പ്രായശ്ചിത്തം നിർബന്ധമില്ലന്നാണ്. ഒരു ദീനാർ അല്ലെങ്കിൽ അതിന്റെപകുതി, ഇതിൽനിന്നും ഇഷ്ടമുള്ള ഒരു സംഖ്യ പ്രായശ്ചി ത്തമായി നൽകിയാൽമതി എന്നാണ് മറ്റുചില പണ്ഡിതന്മാരുടെ അഭിപ്രായം. ആർത്തവത്തിന്റെ ആദ്യഘട്ടത്തിൽ ബന്ധത്തിലേർപ്പെട്ടാൽ ഒരു ദീനാ റും അന്ത്യഘട്ടത്തിലോ കുളിച്ചു ശുദ്ധിയാകു ന്നതിനുമുമ്പോ ആണ് ബന്ധപ്പെട്ടതെങ്കിൽ പകുതി ദീനാറും നൽകണമെന്ന് മറ്റൊരഭിപ്രായവും കൂടി യുണ്ട്.

ഒരു ദീനാർ എന്നാൽ 4.25 ഗ്രാം ആകുന്നു. (ഏകദേശം അരപവൻ) ഇത്രയും സ്വർണ്ണമോ അതിനു തുല്ല്യമായ സംഖ്യയോ ആണ് ദാനം ചെയ്യേണ്ടതത്രെ. والله اعلم

മേൽ വിവരിച്ചതിൽനിന്നും കാര്യത്തിന്റെ ഗൗരവം ഗ്രഹിക്കാമല്ലോ.

[2] ഇബ്നു അബ്ബാസ് ﷺ വിൽ നിന്ന് ഉദ്ധരിക്കുന്ന ഹദീസ് (സ്വഹീഹു അബീദാവൂദ് : 237 ) ഹദീസിന്റെ സ്വീകാര്യതയിൽ ചില ഹദീസ് പണ്ഡിതന്മാർ വിയോജിച്ചിരിക്കുന്നു.

# كفارة الأذى
# ഇഹ്റാമിൽ പ്രവേശിച്ചവരുടെ പ്രായശ്ചിത്തങ്ങൾ

അല്ലാഹു പറയുന്നു :

وَأَتِمُّواْ الْحَجَّ وَالْعُمْرَةَ لِلّهِ فَإِنْ أُحْصِرْتُمْ فَمَا اسْتَيْسَرَ مِنَ الْهَدْيِ وَلاَ تَحْلِقُواْ رُؤُوسَكُمْ حَتَّى يَبْلُغَ الْهَدْيُ مَحِلَّهُ فَمَن كَانَ مِنكُم مَّرِيضاً أَوْ بِهِ أَذًى مِّن رَّأْسِهِ فَفِدْيَةٌ مِّن صِيَامٍ أَوْ صَدَقَةٍ أَوْ نُسُكٍ فَإِذَا أَمِنتُمْ فَمَن تَمَتَّعَ بِالْعُمْرَةِ إِلَى الْحَجِّ فَمَا اسْتَيْسَرَ مِنَ الْهَدْيِ فَمَن لَّمْ يَجِدْ فَصِيَامُ ثَلاثَةِ أَيَّامٍ فِي الْحَجِّ وَسَبْعَةٍ إِذَا رَجَعْتُمْ تِلْكَ عَشَرَةٌ كَامِلَةٌ ذَلِكَ لِمَن لَّمْ يَكُنْ أَهْلُهُ حَاضِرِي الْمَسْجِدِ الْحَرَامِ وَاتَّقُواْ اللّهَ وَاعْلَمُواْ أَنَّ اللّهَ شَدِيدُ الْعِقَابِ ( البقرة : ١٩٦ )

നിങ്ങൾ അല്ലാഹുവിന്വേണ്ടി ഹജ്ജും ഉംറഃയും പൂർണ്ണമായി നിർവഹിക്കുക. ഇനി നിങ്ങൾക്ക് (ഹജ്ജ് നിർവഹിക്കുന്നതിന്) തടസ്സം സൃഷ്ടിക്കപ്പെട്ടാൽ നിങ്ങൾക്ക് സൗകര്യപ്പെടുന്ന ഒരു ബലിമൃഗത്തെ (ബലിയർപ്പിക്കേണ്ടതാണ്.) ബലിമൃഗം എത്തേണ്ട സ്ഥാനത്ത് എത്തുന്നത് വരെ നിങ്ങൾ തല മുണ്ഡനം ചെയ്യാവുന്നതല്ല. നിങ്ങളിലാരെങ്കിലും രോഗിയാവുകയോ, തലയിൽ വല്ല ശല്യവും അനുഭവപ്പെടുകയോ ആണെങ്കിൽ (മുടി നീക്കുന്നതിന്) പ്രായശ്ചിത്തമായി നോമ്പോ,ദാനധർമ്മമോ, ബലികർമ്മമോ നിർവഹിച്ചാൽ മതി യാകും. ഇനി നിങ്ങൾ നിർഭയാവസ്ഥയിലാണെ ങ്കിലോ, അപ്പോൾ ഒരാൾ ഉംറഃ നിർവഹിച്ചിട്ട് ഹജ്ജ് വരെ സുഖമെടുക്കുന്ന പക്ഷം സൗകര്യപ്പെടുന്ന ഒരു ബലിമൃഗത്തെ (ഹജ്ജിനിടയിൽ ബലികഴിക്കേ ണ്ടതാണ്.) ഇനി ആർക്കെങ്കിലും അത് കിട്ടാത്ത പക്ഷം ഹജ്ജിനിടയിൽ മൂന്നു ദിവസവും, നിങ്ങൾ (നാട്ടിൽ) തിരിച്ചെത്തിയിട്ട് ഏഴു ദിവസവും ചേർത്ത് ആകെ പത്ത് ദിവസം നോമ്പനുഷ്ഠിക്കേ ണ്ടതാണ്. കുടുംബ സമേതം മസ്ജിദുൽ ഹറാമിൽ താമസിക്കുന്നവർക്കല്ലാത്തവർക്കാകുന്നു ഈ വിധി. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും, അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണെന്ന് മനസ്സിലാക്കുകയും ചെയ്യുക. ( അൽബഖറഃ : 196 )

ഹജ്ജിനോ ഉംറക്കോ ഇഹ്റാമിൽ പ്രവേ ശിച്ചവർ ചെയ്യാൻ പാടില്ലാത്തവയിൽനിന്നും നിർ ബന്ധമായും അകന്നു നിൽക്കേണ്ടതാകുന്നു. വ്യ ക്തമായ കാരണം കൂടാതെ അവ ഒരിക്കലും ചെയ് തു പോകരുത്. ചിലർ ഇത് ലാഘവ ബുദ്ധിയോടെ കാണുകയും പ്രായശ്ചിത്തം നൽകിയാൽ കുറ്റ ത്തിൽ നിന്നൊഴിവാകാമെന്ന നിലയിൽ അകാരണ മായി അവ ചെയ്യുന്നതായി കണ്ടുവരുന്നുവെന്നത് ഖേദകരമാണ്. പ്രായശ്ചിത്തമെന്നത് നിഷിദ്ധമായ കാര്യങ്ങൾ ചെയ്യുന്നതിനുള്ള ഇളവല്ലെന്ന് പ്രത്യേ കം ഓർക്കുക.

ഇതിന് മൂന്ന് അവസ്ഥകളാണുണ്ടാകുക.

1) ചെയ്യാൻ പാടില്ലാത്തവ അകാരണമായിചെയ്യൽ ഇയാൾ കുറ്റക്കാരനാകുന്നതും പ്രായശ്ചിത്തം നൽകേണ്ടതുമാകുന്നു.
2) അത്യാവശ്യം നിമിത്തമാണത് ചെയ്തതെങ്കിൽ അയാൾ കുറ്റക്കാരനാകുന്നതല്ല. പക്ഷെ, പ്രായ ശ്ചിത്തം നൽകേണ്ടതാകുന്നു. ഉദാഹരണത്തിന് അതികഠിനമായ തണുപ്പുള്ളപ്പോൾ രോഗമുണ്ടാകുമെന്ന് ഭയപ്പെട്ടുകൊണ്ട് ഷർട്ട് പോലുള്ള വസ്ത്രം ധരിക്കൽ.

അല്ലാഹു പറയുന്നു: നിങ്ങളിലാരെങ്കിലും രോഗിയാവുകയോ, തലയിൽ വല്ല ശല്യവും അനുഭവപ്പെടുകയോ ആണെങ്കിൽ (മുടി നീക്കുന്നതിന്) പ്രായശ്ചിത്തമായിനോമ്പോ,ദാന ധർമ്മമോബലികർമ്മമോ നിർവ്വഹിച്ചാൽ മതിയാ കും. (അൽബഖറ : 196)

കഅബുബ്നു ഉജ്റ ﵁ വിന്ന് തലയിൽ പേൻ അധികരിച്ച് ശല്ല്യമായിത്തീർന്നപ്പോൾ നബി ﷺ അദ്ദേഹത്തോട് പറയുകയുണ്ടായി :

احْلِقْ رَأْسَكَ وَصُمْ ثَلَاثَةَ أَيَّامٍ أَوْ أَطْعِمْ سِتَّةَ مَسَاكِينَ أَوْ انْسُكْ بِشَاةٍ (البخاري : ١٦٨٦)

നീ തല മുണ്ഡനം ചെയ്യുകയും (പ്രായ ശ്ചിത്തമായി) മൂന്ന് ദിവസം നോമ്പെടുക്കു കയോ, അല്ലെങ്കിൽ ആറു സാധുക്കൾക്ക് ഭക്ഷണം നൽകുകയോ, അതുമല്ലെങ്കിൽ ഒരാടി നെയറുത്ത് ദാനം ചെയ്യുകയോ ചെയ്യാനും കല്പിച്ചു. (ബുഖാരി: 1686, മുസ്ലിം : 2083)

3) നിയമം അറിയാതേയോ മറന്നോ നിർബ ന്ധിതനായോ ആണ് ചെയ്തതെങ്കിൽ കുറ്റ ക്കാരനാകുന്നതല്ല. ഏറ്റവും ശരിയായ അഭി പ്രായപ്രകാരം അയാൾ പ്രായശ്ചിത്തം നൽ കേണ്ടതുമില്ല.

## പ്രായശ്ചിത്തം നൽകേണ്ടവ

### ഉംറയിൽനിന്ന് തഹല്ലുലാകുന്നതിന്മുമ്പ് സ്ത്രീയുമായി ബന്ധപ്പെട്ടാൽ

മക്കയിൽവെച്ച് ഒരാടിനെ അറുത്ത് സാധു ക്കൾക്കിടയിൽ വിതരണം ചെയ്യുകയും പശ്ചാ തപിക്കുകയും ചെയ്യുകയും വേണം. അതോ ടൊപ്പം ആ ഉംറ പൂർത്തിയാക്കുകയും പിന്നീട് ഉംറ ഖളാഅ് വീട്ടേണ്ടതുമാകുന്നു.

ഹജ്ജിൽ പ്രവേശിച്ചവർ ഒന്നാമത്തെ തഹല്ലുലാകുന്നതിന് (ദുൽഹജ്ജ് 10ന്) ചെയ്യേ ണ്ട നാലുപ്രവർത്തികളിൽ ഏതെങ്കിലും രണ്ടെ ണ്ണം നിർവ്വഹിക്കുന്നതിന്) മുമ്പ് സ്ത്രീയുമായി ബന്ധപ്പെട്ടാൽ

മക്കയിൽവെച്ച് ഒരൊട്ടകത്തെ അറുത്ത് സാധുക്കൾക്കിടയിൽ വിതരണം ചെയ്യുകയും പശ്ചാതപിക്കുകയും ചെയ്യുക.

അതിന് സാധിച്ചില്ലെങ്കിൽ (ഹജ്ജിൽവെച്ച് മൂന്നും സ്വദേശത്തെത്തിയ ശേഷം ഏഴും എന്ന തോതിൽ) പത്തു ദിവസം നോമ്പെടുക്കേണ്ട താകുന്നു. ആ ഹജ്ജ് പൂർത്തിയാക്കുന്നടോടൊ പ്പം പിന്നീട് ഹജ്ജ് ഖളാഅ് വീട്ടേണ്ടതുമാകുന്നു.

നഖം മുറിക്കൽ, മുടി നീക്കം ചെയ്യൽ, സുഗന്ധം ഉപയോഗിക്കൽ, പുരുഷൻ ജട്ടി, ബനിയൻ,ഷർട്ട്തുടങ്ങികൂട്ടിതുന്നിയവസ്ത്രം ധരിക്കുക, തല മറക്കുക, സ്ത്രീകൾ മുഖമോ മുൻകയ്യോമറക്കൽ, ഇവയിലേതെങ്കിലും ചെയ്താ ൽ ഒന്നുകിൽ ഒരാടിനെ അറുത്തു കൊടുക്കുക, അതല്ലെങ്കിൽ മക്കയിലുള്ള ആറു സാധുക്കൾക്ക് ഭക്ഷണം നൽകുക. അതുമല്ലെങ്കിൽ മൂന്ന് ദിവസം നോമ്പെടുക്കുകയോ ചെയ്യുക.

പ്രായശ്ചിത്തമായി ആടിനെ അറുത്തു കൊടുക്കുകയാണെങ്കിൽ അതിൽനിന്ന് അവന് ഭക്ഷിക്കാൻ പാടില്ല. മുഴുവൻ മാംസവും സാധുക്കൾക്ക് വിതരണം ചെയ്യേണ്ടതാകുന്നു.

**വേട്ടയാടുകയോ മറ്റോ ചെയ്താൽ**

കൊന്നതിന് തുല്യമായി രണ്ട് നീതിമാന്മാർ തീർപ്പ് കൽപിക്കുന്ന കാലികളെ മക്കയിൽ വെച്ച് ബലിയറുക്കുക.

അല്ലെങ്കിൽ അതിന്റെ വിലക്ക് ഭക്ഷണം വാങ്ങിഅരസ്വാഅ് (ഏകദേശംഒന്നേകാൽ കിലോ ഗ്രാം) വീതം പാവങ്ങൾക്ക് വിതരണം ചെയ്യുക.

അതുമല്ലെങ്കിൽ അതിന്റെ വിലകൊണ്ട് എത്ര സാധുക്കൾക്ക് ആഹാരം കൊടുക്കാൻ കഴിയുമോ ആ സാധുക്കളുടെ എണ്ണത്തിന്റെ അത്രയും ദിവസം നോമ്പനുഷ്ഠിക്കേണ്ടതാണ്.

അല്ലാഹു പറയുന്നു :

يَا أَيُّهَا الَّذِينَ آمَنُواْ لاَ تَقْتُلُواْ الصَّيْدَ وَأَنتُمْ حُرُمٌ وَمَن قَتَلَهُ مِنكُم مُّتَعَمِّدًا فَجَزَاء مِّثْلُ مَا قَتَلَ مِنَ النَّعَمِ يَحْكُمُ بِهِ ذَوَا عَدْلٍ مِّنكُمْ هَدْيًا بَالِغَ الْكَعْبَةِ أَوْ كَفَّارَةٌ طَعَامُ مَسَاكِينَ أَو عَدْلُ ذَلِكَ صِيَامًا لِّيَذُوقَ وَبَالَ أَمْرِهِ عَفَا اللّهُ عَمَّا سَلَف وَمَنْ عَادَ فَيَنتَقِمُ اللّهُ مِنْهُ وَاللّهُ عَزِيزٌ ذُو انْتِقَامٍ ( المائدة : ٩٥ )

സത്യവിശ്വാസികളേ, നിങ്ങൾ ഇഹ്റാമി ലായിരിക്കെ വേട്ടമൃഗത്തെ കൊല്ലരുത്. നിങ്ങളി ലൊരാൾ മനഃപൂർവ്വം അതിനെ കൊല്ലുന്ന പക്ഷം, അവൻ കൊന്നതിന് തുല്യമെന്ന് നിങ്ങളിൽ രണ്ടുപേർ തീർപ്പുകൽപിക്കുന്ന കാലിയെ (അഥവാ കാലികളെ) കഅ്ബത്തിങ്കൽ എത്തിച്ചേ രേണ്ട ബലിമൃഗമായി നൽകേണ്ടതാണ്. അല്ലെങ്കിൽ പ്രായശ്ചിത്തമായി ഏതാനും അഗതികൾക്ക് ആഹാരം നൽകുകയോ, അല്ലെങ്കിൽ അതിന് തുല്യ മായി നോമ്പെടുക്കുകയോ ചെയ്യേണ്ടതാണ്. അവൻ ചെയ്തതിന്റെ ഭവിഷ്യത്ത് അവൻ അനുഭ വിക്കാൻ വേണ്ടിയാണിത്. മുമ്പ് ചെയ്തു പോയതിന് അല്ലാഹു മാപ്പുനൽകിയിരിക്കുന്നു. വല്ലവനും അത് ആവർത്തിക്കുന്നപക്ഷം അല്ലാഹു അവന്റെനേരെ ശിക്ഷാനടപടി സ്വീകരിക്കുന്ന താണ്. അല്ലാഹു പ്രതാപിയും ശിക്ഷാനടപടി കൈക്കൊള്ളുന്നവനുമാകുന്നു. (മാഇദ : 95)

വിവാഹം, വിവാഹന്വേഷണം, ശൃംഗാരം, സല്ലാപം പോലുള്ള കാര്യങ്ങൾ സംഭവിച്ചാൽ പാപമോചനം തേടേണ്ടതാകുന്നു.

മീഖാത്തിൽവെച്ച് ഇഹ്റാമിൽ പ്രവേശി ക്കുക, സൂര്യാസ്തമയംവരെ അറഫയിൽ നിൽ ക്കൽ, മുസ്ദലിഫയിൽ രാത്രി താമസിക്കൽ, ത്വവാഫുൽ വിദാഅ് (വിടവാങ്ങൾ ത്വവാഫ്) തുടങ്ങി ഹജ്ജിന്റെ വാജിബുകളിൽ ഏതെങ്കിലും നഷ്ടപ്പെട്ടാൽ ഹറമിൽവെച്ച് ഒരാടിനെ ബലിയ റുത്ത് ധർമം ചെയ്യേണ്ടതാകുന്നു. അതിനു സാധി ക്കാതിരുന്നാൽ (ഹജ്ജിൽവെച്ച് മൂന്നും സ്വദേശ ത്തെത്തിയ ശേഷം ഏഴും എന്ന തോതിൽ)പത്തു ദിവസം നോമ്പെടുക്കേണ്ടതാകുന്നു.

(ഹജ്ജിൽവെച്ച് മൂന്ന് നോമ്പെടുക്കാൻ സാധിക്കാതിരുന്നാൽ സ്വദേശത്തെത്തിയ ശേഷം പത്തു നോമ്പെടുക്കേണ്ടതാകുന്നു.)

ഹജ്ജിനോ ഉംറക്കോ ഇഹ്റാമിൽ പ്രവേശിച്ച ശേഷം തടസ്സമനുഭവപ്പെടുന്നവനും , തമത്തുഅ് , ഖിറാൻ രീതികൾ തിരഞ്ഞെടുത്തവരും:

ഹജ്ജിനോഉംറക്കോഇഹ്റാമിൽ പ്രവേശി ച്ചു കഴിഞ്ഞാൽ അത് നിർവ്വഹിക്കൽ നിർബന്ധമാ ണ്. എന്നാൽ വല്ല കാരണത്തിലും അവ

നിർവഹി ക്കുന്നതിന് തടസ്സം സൃഷ്ടിക്കപ്പെട്ടവനും, മുത്തമത്തിആയോ[3], ഖാരിനായോ[4] ഹജ്ജ് നിർവ്വ ഹിക്കുന്നവനും ബലിയറുക്കേണ്ടതാകുന്നു.

അറവിന്ന് സാമ്പത്തിക ശേഷിയില്ലാത്തവർ 10 ദിവസം നേമ്പെടുക്കുകയാണ് വേണ്ടത്. മൂന്ന് ദിവസം മക്കയിൽവെച്ചും ബാക്കി തിരിച്ചെത്തിയ ശേഷവും.

ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ ഹജ്ജും ഉംറയും വിവരിക്കുന്ന ലേഖകന്റെ ഗ്രന്ഥത്തിൽ വിവരിച്ചിരിക്കുന്നു.

## അവസാനമായി

ഈ ഗ്രന്ഥം വായിക്കുന്ന ബഹുമാന്യനായ സഹോദരാ, ഇതിനുവേണ്ടി പ്രയത്നിച്ചവർക്ക്വേണ്ടി പ്രാർത്ഥിക്കാൻ മറന്നു പോകരുതെന്ന് അഭ്യർത്ഥി ക്കുന്നു. വീഴ്ചകളോ അബദ്ധങ്ങളോ ശ്രദ്ധയിൽ പ്പെടുന്നുവെങ്കിൽ സഹോദരബുദ്ധ്യാ ശ്രദ്ധയിൽ പ്പെടുത്തുന്നവർക്ക് പ്രാർത്ഥനയും നന്ദിയുമുണ്ടാകും.

നിങ്ങളുടെ വിലപ്പെട്ട ചിന്തകളും അഭിപ്രായ ങ്ങളും ഉപദേശങ്ങളും പ്രതീക്ഷിക്കുന്നു. നമ്മുടെ ഹൃദയങ്ങളും പ്രവർത്തനങ്ങളും നന്നാക്കുന്നതിനും, നമ്മെ അവന്റെ സച്ചരിതരായ ദാസന്മാരിൽ ഉൾപ്പെടു ത്തുന്നതിനും നമുക്ക് അല്ലാഹുവിനോട് തേടാം. അവൻ എല്ലാം കേൾക്കുന്നവനും പ്രാർത്ഥനക്കുത്തരം നൽകുന്നവനുമാകുന്നു.

وصلى الله على نبينا محمد وآله وصحبه أجمعين



[3] (തമത്തുഅ്) ഹജ്ജിന്റെ മാസങ്ങളിൽ (ശവ്വാൽ, ദുൽഖഅ്ദ്, ദുൽഹജ്ജിലെ ആദ്യത്തെ പത്തു ദിവസങ്ങൾ) ആദ്യം ഉംറ നിർവ്വഹിച്ചശേഷം ഇഹ്റാമിൽനിന്ന് വിരമിച്ച് മക്കയിൽ തന്നെ കഴിഞ്ഞുകൂടുക. പിന്നീട് ദുൽഹജ്ജ് എട്ടിന് ഹജ്ജിന്നായി ഇഹ്റാം ചെയ്ത് മിനായിലേക്ക് പോകുക. തുടർന്ന് താഴെ പറയാൻ പോകുന്ന സ്ഥലങ്ങളിലും സമയങ്ങളിലും ഹജ്ജ് കർമ്മങ്ങൾ പൂർത്തിയാക്കണം. ഇങ്ങനെ ആദ്യം ഉംറയും പിന്നെ ഹജ്ജും ചെയ്യുന്ന രീതിക്ക് സാങ്കേതികമായി തമത്തുഅ് എന്നു പറയുന്നു. ഇങ്ങനെ നിർവ്വഹിക്കുന്ന വ്യക്തിക്ക് 'മുത്തമത്തിഅ് ' എന്നും പറയുന്നു.

[4] (ഖിറാൻ) ഹജ്ജിനും ഉംറക്കും ഒന്നിച്ച് ഇഹ്റാമിൽ പ്രവേശിച്ച് ഉംറക്ക്ശേഷം ഇഹ്റാമിൽ നിന്ന് ഒഴിവാകാതെ ഹജ്ജിൽ പ്രവേശിക്കുക. ഇങ്ങനെ ഉംറയും ഹജ്ജും ഒന്നിച്ച്ചെയ്യുന്ന രീതിക്ക് സാങ്കേതികമായി ഖിറാൻ എന്നു പറയുന്നു. ഇങ്ങനെ നിർവ്വഹിക്കുന്ന വ്യക്തിക്ക് ' ഖാരിൻ ' എന്നും പറയുന്നു.